ആഗസ്റ്റ് 2021

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ






**പ**രിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം അനുസ്മരിക്കുന്ന മാസം...ഭാരതീയർ രാജ്യത്തിന്റെ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന മാസം...കേരളീയർ ഓണത്തിന്റെ നന്മകളെ അനുസ്മരിക്കുന്ന മാസം. സ്ത്രീധനത്തെ ചൊല്ലിയുള്ള കൊലപാതകങ്ങൾ അരങ്ങേറുന്ന ഈ കാലഘട്ടത്തിൽ മറിയം എന്ന സ്ത്രീയെ ധ്യാനിക്കേണ്ടതുണ്ട് ലോകം. ദൈവകൃപകളെ തിരിച്ചറിഞ്ഞപ്പോൾ അവൾ ലോകത്തിന്റെ അമ്മയായി...സ്വർഗ്ഗാരോപിതയായി. ജീവിതം ദൈവത്തിന്റെ കൃപയെന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ കൊലപാതകങ്ങളും ആത്മഹത്യകളും കൂടിക്കൊണ്ടേയിരിക്കും എന്നതും യാഥാർത്ഥ്യം. ദൈവസന്നിധിയിൽ "ഇതാ കർത്താവിന്റെ ദാസി" എന്നു പറയുവാനുള്ള ആശ്രയത്വബോധം ഇല്ലാതെയാകുമ്പോൾ ജീവന്റെ വില കുറഞ്ഞുപോകും.

എന്തും ചെയ്യാനുള്ള ലൈസൻസാണ് സ്വാതന്ത്ര്യം എന്ന മിഥ്യാധാരണയും വളരുന്നുണ്ട്. അതുകൊണ്ടുതന്നെ കോടികൾ തട്ടിച്ചാലും എന്റെ ജീവിതം സുരക്ഷിതമാക്കണം എന്ന മനോഭാവവും വളരുന്നുണ്ട്. സമകാലീന ബാങ്കുതട്ടിപ്പുകളും കുഴൽപ്പണവുമൊക്കെ നൽകുന്ന സൂചനകൾ അതാണ്. ഈലോക ജീവിത സുരക്ഷിതത്വം മാത്രം നോക്കി ജീവിക്കുമ്പോൾ മൂല്യങ്ങൾ ഇല്ലാതെയാകും എന്നതും യാഥാർത്ഥ്യമാണ്. മൂല്യബോധമില്ലാതെ പോകുന്ന ജനാധിപത്യം പണാധിപത്യത്തിലേക്കു കൂപ്പുകുത്തും. അഹിംസയിലൂടെ നേടിയെടുത്ത സ്വാതന്ത്ര്യം ഹിംസയിലേക്കുള്ള ചവിട്ടുപടിയായി മാറുന്നുണ്ട് ഇപ്പോൾ. അതുകൊണ്ടുതന്നെ താൻ മാത്രമാണെന്ന ചിന്തയിൽ നിന്നുയിർകൊള്ളുന്ന 'സാറ'മാരും ഇനിയും വരും.

നഷ്ടപ്പെട്ടുപോകുന്ന മൂല്യങ്ങളെ തിരികെ പിടിക്കാനുള്ള ഓർമ്മപ്പെടുത്തലാണ് ഓണം. പറഞ്ഞവാക്കിന് ജീവന്റെ വില നൽകിയെന്ന ഐതിഹ്യം ഈ കാലഘട്ടത്തിന് യോജിക്കണമെന്നില്ല. കച്ചവട സംസ്കാരത്തിന്റെ കള്ളതുലാസിൽ ആഘോഷങ്ങൾ തിമിർത്താടുമ്പോൾ അതിന്റെ നന്മകളും നഷ്ടപ്പെടുന്നുണ്ട്. ഓണം ഓർമ്മപ്പെടുത്തലാണ്...നന്മയിലേക്ക് നടന്നടുക്കുവാനുള്ള ഓർമ്മപ്പെടുത്തൽ. സ്വാതന്ത്ര്യദിനം ഓർമ്മപ്പെടുത്തലാണ്, ജീവിതം ബലിനൽകേണ്ടതാണ്, നന്മയ്ക്കുവേണ്ടിയെന്ന്. സ്വർഗ്ഗാരോപണം ഓർമ്മപ്പെടുത്തലാണ്... ജഡത്തിൽ ആരംഭിച്ച് ജഡത്തിൽ കുടുങ്ങി ജഡത്തിൽ ഒടുങ്ങാനുള്ളതല്ല ജീവിതമെന്ന ഓർമ്മപ്പെടുത്തൽ. നന്മനിറഞ്ഞ ജീവിതത്തിന്റെ കാലടികളിലൂടെ അപരനുവേണ്ടി ബലിചെയ്യുന്ന ജീവിതത്തിലൂടെ വളർന്ന് സ്വർഗ്ഗത്തോളം ഉയരുന്നവരായി മാറാൻ ഈ നന്മനിറഞ്ഞ മാസം നമ്മെ പ്രാപ്തരാക്കട്ടെ!.. സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരതസ്വാതന്ത്ര്യത്തിന്റെയും നന്മനിറഞ്ഞ ഓണത്തിന്റെയും പ്രാർത്ഥനാശംസകൾ...

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മാളിയേക്കൽ**

ചീഫ് എഡിറ്റർ

ആഗസ്റ്റ് 2021

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ


രക്ഷാധികാരി
റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി

ചീഫ് എഡിറ്റർ
ഫാ. ജോസഫ് മാളിയേക്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. ജോയ് സ്രാമ്പിക്കൽ

എഡിറ്റർ ഇൻ ചാർജ്ജ് & അഡ്വർട്ടൈസ്മെന്റ്
ഫാ. ആന്റണി ഒളാട്ടുപുറത്ത്

അസോസ്സിയേറ്റ് എഡിറ്റേഴ്സ്
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ഫാ. ലിജോ മാത്യൂസ് താണിപ്പിള്ളി

എക്സിക്യൂട്ടീവ് എഡിറ്റർ
ടൈറ്റസ് ഗോതുരുത്ത്

സർക്കുലേഷൻ മാനേജർ
ഫാ. അഗസ്റ്റിൻ നിമേഷ് കാട്ടാശ്ശേരി

പത്രാധിപസമിതി
സിപ്പി പള്ളിപ്പുറം
ജോസഫ് പനക്കൽ
ജോയ് ഗോതുരുത്ത്

ഡി.ടി.പി.
നിഷ സോജൻ

രൂപകല്പന
ഇമേജ് (കിഡ്സ്) കോട്ടപ്പുറം



എഡിറ്റർ
ദിദിമോസ്, വികാസ്
കോട്ടപ്പുറം - 680 667
ഫോൺ : 0480 2807678
didimoskottapuram@gmail.com


## താളുകളിൽ


പൈതൃകാമുഖം 4

മങ്ങിയ ആത്മീയ വഴികളിൽ പ്രകാശം പരത്തുന്ന മരിയ മക്കൾ 5

വി. യൗസേപ്പിതാവ്: ആഗോള തിരുസഭയുടെ സംരക്ഷകൻ 8

"കുടുംബങ്ങളുടെ സുവിശേഷം: ലോകത്തിന്റെ സന്തോഷം" 11

കേരള നവോത്ഥാരകൻ ആർച്ച് ബിഷപ്പ് അലക്സിസ് മെനേസിസ് 13

കരുണയോടെ കണ്ണീരൊപ്പം 16

വാർത്താജാലകം 17

ഫാ. സ്റ്റാൻസ്വാമിക്ക് പ്രണാമം 22



റൈറ്റ് റവ.ഡോ.
ജോസഫ് കാരിക്കശ്ശേരി

# പൈതൃകാമുഖം

സ്വാതന്ത്ര്യം, സ്വർഗ്ഗം എന്നീ രണ്ടു സ്വപ്നങ്ങൾ മനസ്സിൽ കൊണ്ടുനടക്കുന്നവരാണ് നമ്മൾ എല്ലാവരും. ആഗസ്റ്റ് 15-ാം തിയ്യതി ഈ രണ്ടു സത്യങ്ങളും സമ്മേളിക്കുന്ന പുണ്യദിനമാണ്. സ്വാതന്ത്ര്യം നമ്മെ സ്വർഗ്ഗത്തിലേക്ക് നടന്നടുപ്പിക്കുന്ന ചാലകമാക്കി മാറ്റണമെന്ന് പരിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുമ്പോൾ, ഇതേ സ്വാതന്ത്ര്യം തന്നെയാണ് അനുസരണക്കേട് മൂലം ആദിമാതാപിതാക്കൾ പറുദീസയിൽ നിന്ന് പുറത്താക്കപ്പെടാൻ സ്വയം കാരണമാക്കിയതെന്നതും വൈരുദ്ധ്യാത്മകത നിറഞ്ഞ വസ്തുതയാണ്. അതുകൊണ്ടുതന്നെ നമുക്കു ലഭിച്ചിരിക്കുന്ന ഈ സ്വാതന്ത്ര്യം പരിശുദ്ധാത്മാവിന്റെ ദാനമായ വിവേകത്തോടുകൂടെ സത്യത്തിന്റെ പാതയിൽ ജീവിച്ചു മുന്നോട്ടുപോകുവാൻ സാധിക്കണം. 2 കൊറി 3 : 17 "കർത്താവ് ആത്മാവാണ്; കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്."

ഇന്നത്തെ കാലഘട്ടത്തിൽ പത്രമാധ്യമങ്ങളിലും ചാനലുകളിലും സമൂഹത്തിലുമൊക്കെ ചർച്ചാവിഷയമാകുന്നത് കുട്ടികളിലെ മൊബൈൽ ഗെയിം അഡിക്ഷനും പീഡനങ്ങളും അതേതുടർന്നുള്ള ആത്മഹത്യകളുമാണ്. സ്വാതന്ത്ര്യം എന്താണെന്നും അതെങ്ങനെ ഉപയോഗിക്കണമെന്നുമുള്ള അറിവ് കുട്ടികൾക്ക് നമ്മുടെ കുടുംബങ്ങളിൽ നിന്ന് കിട്ടാതെ പോകുമ്പോഴാണ് ഇത്തരത്തിലുള്ള കണക്കുകളും വാർത്തകളും നമ്മെ അലോസരപ്പെടുത്തുന്നത്. സ്ത്രീപീഡനത്തിനു പുറമേ 1770 ൽ അധികം കുട്ടികളാണ് ഈ ചുരുങ്ങിയ കാലയളവിൽ പീഡിപ്പിക്കപ്പെട്ടത് എന്ന അറിവ് ഹൃദയഭേദകമാണ്.

നിയന്ത്രണവിധേയമല്ലാത്ത രീതിയിൽ കുട്ടികളുടെ കൈകളിലേക്ക് പഠനകാര്യങ്ങൾക്ക് എന്നോണം മൊബൈലുകൾ നൽകപ്പെടുമ്പോൾ അവർക്കു ലഭിക്കുന്ന ഈ സ്വാതന്ത്ര്യം വിവേകത്തോടെ കൈകാര്യം ചെയ്യാൻ വേണ്ട മുൻകരുതലുകളും മുന്നറിയിപ്പുകളും നൽകാൻ മാതാപിതാക്കൾ സദാ ജാഗരൂകരായിരിക്കണം. നല്ല നാളേക്കായ് സത്യസന്ധതയോടും നീതിയോടുംകൂടെ ചരിക്കുന്ന യുവതലമുറയെ വാർത്തെടുക്കുന്നതിന് ഈ ഒരു സാഹചര്യത്തിൽ മാതാപിതാക്കൾ ഏറെ ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു. കുട്ടികൾക്കു ലഭിക്കുന്ന സ്വാതന്ത്ര്യം ഒരു ബന്ധനമായി അവരുടെ ജീവിതത്തെതന്നെ നശിപ്പിക്കുന്ന ഘടകമായി മാറാതിരിക്കാൻ ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന സത്യത്തിന്റെ വക്താക്കളായി അവരെ രൂപപ്പെടുത്താം. യോഹ 3:21, "സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്ക് വരുന്നു. അങ്ങനെ അവന്റെ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്ന് വെളിപ്പെടുന്നു."

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.



സിജു ജോസ് എം.

# മങ്ങിയ ആത്മീയ വഴികളിൽ പ്രകാശം പരത്തുന്ന മരിയ മക്കൾ

നാടും നഗരവും നിശ്ചലതയുടെ നിലവറയിലാണിന്ന്... പകുതിയുടെ തൊഴിലിടങ്ങൾ നിശബ്ദമായി നീങ്ങുന്നു... പള്ളിക്കൂടങ്ങൾ കളിചിരികൾ മറന്നു തുടങ്ങിയിരിക്കുന്നു... അടുപ്പിനുമീതെ എരിയുന്ന തിരിയായി കുറെ അമ്മ മനസ്സുകൾ... വീട്ടിലടയ്ക്കപ്പെട്ട ബാല്യങ്ങൾ... ആൾത്താരയ്ക്കു മുന്നിലിരുന്നു ഏകനായി പ്രാർത്ഥിക്കുന്ന പാതിരിമാർ... രോഗാതുരതയുടെ ഈ കറുത്ത നാളുകളിൽ കരുത്താകേണ്ട, കരളുറപ്പും അതുനൽകേണ്ട ആത്മീയതയും എവിടെയൊക്കെയോ ചോർന്നുപോയിരിക്കുന്നു. മാറുന്ന ഈ കാലഘട്ടത്തിൽ ആത്മീയതയുടെ കാര്യത്തിൽ കാതലായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ദുരിത കയങ്ങളിൽ നിൽക്കുന്നവരുടെ മനസിലെ ആത്മീയതയിൽ ഉണ്ടാകുന്ന ഈ ഏറ്റക്കുറച്ചിലുകൾ സ്വാഭാവികമായ പ്രതിഭാസമായി വിവക്ഷിക്കുമ്പോഴും, അത് കൂടുതൽ ശക്തിയോടെ വളർന്നുവരേണ്ടതും വളർത്തിയെടുക്കേണ്ടതും ഇന്നിന്റെ ആവശ്യകതയാണ്.

ആത്മസത്തയെ അധികരിച്ചുള്ളതാണ് യഥാർത്ഥ ആത്മീയത. പുറമെ അടിഞ്ഞുകൂടിയിരിക്കുന്ന ജീർണതയുടെ ആവരണങ്ങളെ അഴിച്ചുനീക്കുമ്പോൾ അകത്തു ശേഷിക്കുന്നതാണ് യഥാർത്ഥ ആത്മീയത. അത് മതാധിഷ്ഠിത സങ്കല്പങ്ങൾക്കുമപ്പുറം മാനവികതയുമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ മനുഷ്യനുവേണ്ടി ചെയ്യുന്ന എല്ലാ നല്ല പ്രവർത്തനങ്ങളേയും ആത്മീയതയുടെ ചട്ടക്കൂടിൽ ഉൾപ്പെ

ടുത്താം. ആത്മീയതയുടെ അടിസ്ഥാന പരമായ എല്ലാ മൂല്യങ്ങളേയും ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ലോകത്തിനു മുന്നിൽ കാഴ്ചവയ്ക്കുന്ന തിരുസഭയുടെ ധീരനായ നേതാവ് ഫ്രാൻസിസ് പാപ്പ വളരെ ലളിതമായി ഈ ആത്മീയത നമുക്ക് പറഞ്ഞുതരാറുണ്ട്. ആയതിനാൽ വറുതിയുടെ ഈ നാളുകളിലും അത്മീയതയെ സ്വഹൃദയങ്ങ ളിലും ജനഹൃദയങ്ങളിലും എത്തിക്കണ മെന്നതിൽ നമുക്ക് ഒരു സംശയവും വേണ്ട. ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിൽ, ആത്മീയത പുതുതായി സൃഷ്ടിച്ചെടുക്കുന്ന ഒന്നല്ലാത്തതിനാൽ അതിനെ നവആത്മീയത എന്ന് വിശേഷിപ്പിക്കേണ്ടതില്ല. ക്രിസ്തുവിന്റെ ഹൃദയത്തിനേറ്റ മുറിവുകളോളം അതിന് പഴക്കമുള്ളതിനാൽ, തുടർകാലത്തിന്റെ ആത്മീയനുഭവങ്ങളിലേക്കുള്ള ഒരു തിരിച്ചുപോക്കേ അതിന് ആവശ്യമുള്ളൂ. അതെ, ആത്മീയതയുടെ ഉറവിടങ്ങളിലേ ക്കുള്ള ഒരു തിരിച്ചുപോക്കാണ് ഈ കാലത്തിനിന്നാവശ്യം. ആത്മീയ വരൾച്ച യുടെ ഒത്തിരി സാഹചര്യങ്ങൾ സഭാചരിത്രത്തിന്റെ ഏടുകളിൽ രേഖപ്പെടു ത്തിയിട്ടുണ്ട്. സഭാചരിത്രത്തിലെ അത്തര മൊരു ഇരുണ്ട അധ്യായമായിരുന്നു 16 - ാം നൂറ്റാണ്ട്. അവളുടെ മുന്നോട്ടുള്ള പ്രയാണം തന്നെ തടസപ്പെടും എന്ന് തോന്നലുണ്ടാ ക്കിയ ഒരു കാലഘട്ടം.ചരിത്രം നവോത്ഥാനം എന്ന് പേരിട്ടു വിളിച്ച ആ കാലയളവിൽ, യൂറോപ്പിൽ ആഞ്ഞടിച്ച പ്രൊട്ടസ്റ്റന്റ് വിപ്ലവവും മുഹമ്മദീയ ആക്രമണവും ദിവ്യകാരുണ്യ നാഥനെ ഈ ഭൂമുഖത്തു നിന്ന് നിഷ്കാസനം ചെയ്യുമെന്ന ശപഥവുമായി തിരുസഭാ ശത്രുക്കൾ ഉറഞ്ഞുതുള്ളി. സഭയുടെയും ആത്മീയത പ്രഹരമേറ്റ നാളുകളായിരുന്നു അത്. എന്നാൽ മാനുഷികമായി കെട്ടിപ്പടുത്ത തൊക്കെ കാലത്തിന്റെ ഗതിവിഗതികളിൽ തകർന്നടിഞ്ഞുകൊണ്ട് ദൈവത്തിന്റെ കൈയൊപ്പുമായി ചില മനുഷ്യാവതാര ങ്ങളും അല്മായപ്രസ്ഥാനങ്ങളും സഭയിൽ അക്കാലത്തു രൂപംകൊണ്ടു. ക്രിസ്തുവിന്റെ സഭയുടെ നിലനിൽപ്പ് സാധ്യമാക്കുംവിധം സനാതന സത്യത്തിന്റെ സാക്ഷ്യപ്പെടു ത്തലാണ് വിവിധ സന്ന്യാസസഭകളുടെയും അൽമായ പ്രസ്ഥാനങ്ങളുടെയും സഹായ ത്തിൽ സഭയിൽ ദർശിച്ചത്. ഈ കാലഘട്ടത്തിൽ ഉടലെടുത്ത ആത്മീയ അവതാരങ്ങളിലൊന്ന് വിശുദ്ധ ഇഗ്നേ ഷ്യസ് ലയോളയായിരുന്നു. അദ്ദേഹത്തി ന്റെയും അദ്ദേഹം തുടക്കം കുറിച്ച ഈശോസഭയുടെയും പ്രവർത്തനങ്ങൾ ക്രൈസ്തവ സഭയുടെ മുന്നോട്ടുള്ള ആത്മീയ പ്രയാണത്തിൽ കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളത്.

തിരുസഭയെ സഹായിക്കാനായി ഈശോ സഭയുടെ അൽമായ കൂട്ടായ്മ എന്ന നിലയിൽ, 1563 -ൽ ജോൺ ലേനിസ് എന്ന ഈശോ സഭാവൈദീകൻ റോമിലെ കോളേജ് വിദ്യാർത്ഥികളായ 7 പേരിൽ തുടങ്ങിയ പ്രസ്ഥാനമാണ് മരിയൻ സോഡാലിറ്റി എന്ന പേരിൽ ഇന്ന് അറിയപ്പെടുന്ന സി.എൽ.സി അഥവാ ക്രിസ്ത്യൻ ലൈഫ് കമ്മ്യൂണിറ്റി. എല്ലാ സൃഷ്ടികളിലും എല്ലാ സാഹചര്യങ്ങളിലും എല്ലാ പ്രവർത്തനങ്ങളിലും ദൈവത്തെ അനുഭവിക്കുന്ന ഇഗ്നേഷ്യൻ ആത്മീയത യാണ് ഈ പ്രസ്ഥാനത്തിന്റെ ആത്മീയാടി ത്തറ. ഈ ആത്മീയതയിൽ വേരൂന്നിയ തീവ്രവും തീഷ്ണവും കർമോത്സുക വുമായ യേശു ദർശനത്തെയും യേശു രാജ്യത്തെയും ആഗോള വ്യാപകമാക്കാ നുള്ള അടങ്ങാത്ത ആവേശമാണ് വിശുദ്ധ

ഇഗ്നേഷ്യസ് ലയോള വഴി ഈശോ സഭയിലൂടെ മരിയൻ സൊഡാലിറ്റി സ്വായത്തമാക്കിയത്. യേശു തന്റെ ശിഷ്യന്മാരോട് ആഹ്വാനം ചെയ്ത അപ്പോസ്തലിക പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തന ശൈലി ആണ് മരിയൻ സോഡാലിറ്റിയെ ആരംഭകാലഘട്ടത്തിൽ തിരുസഭയിൽ അല്മായരുടെ പ്രവർത്തനത്തിന്റെ മാതൃക എന്ന് പ്രശംസിക്കാൻ ഇടയാക്കിയത്. കാലത്തിന്റെ ആവശ്യകതയും അരൂപിയുടെ പ്രചോദനവും ഉൾക്കൊണ്ടുകൊണ്ട് ആത്മീയാടിത്തറയായ ക്രിസ്തുവിനോട് ചേർന്നനിന്ന് പ്രവത്തിച്ചതുകൊണ്ടാണ് ഈ പ്രസ്ഥാനം, ഈശോസഭ നിലച്ചുപോയ കാലഘട്ടത്തിൽ നിന്നുപോലും വീണ്ടും ഉയിർത്തെഴുന്നേറ്റ് സഭയോടൊപ്പം ചിന്തിച്ചും പ്രവർത്തിച്ചും ലോകം മുഴുവൻ ഇന്നും വ്യാപിച്ചു കിടക്കുന്നത്. പരിശുദ്ധ മറിയത്തെ പ്രത്യേക മധ്യസ്ഥയായി സ്വീകരിച്ചു വിശുദ്ധ ഇഗ്നേഷ്യസ് ലയോള വിഭാവനം ചെയ്ത അത്മീയ സാധനകൾ വ്യക്തി ജീവിതത്തിൽ സ്വീകരിച്ചു കാലത്തിനു യോജിച്ച സഭാമക്കളായി വളരാനുള്ള പരിശീലനമാണ് ഈ മരിയൻ പ്രസ്ഥാനം വിഭാവനം ചെയ്യുന്നത്. 1584 -ൽ 13-ാം ഗ്രിഗറി പാപ്പ 'Omnipotenties Dei' എന്ന തിരുവെഴുത്തിലൂടെ സോഡാലിറ്റിയെ കാനോനികമായി അംഗീകരിച്ചതിലൂടെ സഭയിൽ ഈ പ്രസ്ഥാനത്തിന് ഔദ്യോഗിക തുടക്കം കുറിച്ചു. ആതമീയതയുടെ ഉണർവ് ആത്യന്തികമായി മനുഷ്യമനസ്സുകളുടെ സ്വച്ഛജീവിതത്തിനുള്ള വഴിവിളക്കാണ് എന്ന് മനുഷ്യാനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതിനാൽ ആത്മീയവരൾച്ച അനുഭവവേദ്യമാകുന്ന സാഹചര്യങ്ങളിൽ അതിന്റെ ഉണർവിനായി പ്രയത്നിക്കുകയും സഭയുടെ തളർച്ചകളിൽ താങ്ങി നിറുത്തുകയും ചെയ്യുക എന്നത് അൽമായ പ്രസ്ഥാനങ്ങളുടെ കർത്തവ്യമാണ്. സി എൽ സി എന്ന പ്രസ്ഥാനം സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും തയ്യാറുള്ളവരുടേയും ആധുനീക കാലഘട്ടത്തിൽ എല്ലാ തുറകളിലും ക്രിസ്തുവിനു സജീവ സാക്ഷ്യം വഹിക്കുവാൻ തീവ്രമായി അഭിലഷിക്കുന്നവരുടെയും ഒരു കൂട്ടായ്മയാണ്. സ്വന്തം ആത്മവിശുദ്ധീകരണവും വ്യക്തിത്വ വികസനവും വഴി സഹോദര സഹസ്രങ്ങളെ സമ്പൂർണവും സമഗ്രവുമായ മോചനത്തിലേക്കു നയിക്കുവാൻ ആഗ്രഹിക്കുന്ന പ്രേഷിത പ്രവർത്തകരുടെ, പ്രത്യേകിച്ച് യുവതീയുവാക്കന്മാരുടെ ഒരു ജീവിത ശൈലിയാണ് അത് ഉൾക്കൊള്ളുന്നത്. ഇതിലെ ഓരോ അംഗവും ക്രിസ്തുവിന്റെ ആഹ്വാനം സ്വീകരിച്ച് വിനയത്തിലും ദാരിദ്ര്യത്തിലും അവിടത്തെ പിൻചെല്ലാൻ പ്രതിജ്ഞാബദ്ധരായി സേവനംകൊണ്ട് ജീവിതത്തെ പ്രകാശിപ്പിക്കുന്നു. അങ്ങനെ പുതിയൊരു ലോകം കെട്ടിപ്പടുക്കാൻ ക്രിസ്തുവിനൊപ്പം അധ്വാനിക്കുന്ന ക്രൈസ്തവീയമനോഭാവം ഉൾക്കൊള്ളുന്നവർ ഇന്നിന്റെ ആത്മീയതളർച്ചയ്ക്കു പ്രത്യാശയുടെ പൊൻവെട്ടമാണ്. അൽമായ പ്രസ്ഥാനങ്ങളുടെ ഇടയിൽ നൂറ്റാണ്ടുകളുടെ പ്രവർത്തന പാരമ്പര്യം ഉള്ള ഈ പ്രസ്ഥാനം കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചു ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക എന്ന സഭയുടെ ദൗത്യനിർവഹണത്തിൽ എല്ലാ മനുഷ്യരോടും പ്രസ്ഥാനങ്ങളോടും സഹകരിച്ചു സഭയിലും സമൂഹത്തിലും ഫലപ്രദമായ പങ്കുവഹിച്ചു അൽമായ ജീവിതത്തിനു വഴികാട്ടിയായും മാതൃകയായും ഇനിയും വളരട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.

രതീഷ് ഭജനമഠം, ആലപ്പുഴ

# വി. യൗസേപ്പിതാവ്: ആഗോള തിരുസഭയുടെ സംരക്ഷകൻ




മെക്സിക്കോ, കാനഡ, ബൊഹിമിയ, ചൈന, ആസ്ട്രിയ, ബെൽജിയം, ബോമിയ, ക്രോട്ടിയ, കൊറിയ, പെറു, വിയറ്റ്നാം, തുടങ്ങിയ രാഷ്ട്രങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനും സംരക്ഷകനുമാണ് വി. യൗസേപ്പ്. ഈ രാജ്യങ്ങളിലെ ജനതയ്ക്ക് വിശുദ്ധൻ വഴി അനേകം അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. അതുപോലെ ടൈറോൾ, സിസിലി, സ്റ്റൈറിയ, കരിന്തിയ, ഇറ്റലിയിലെ ഫ്ളോറൻസ്, ടൂറിൻ നഗരങ്ങൾ, അമേരിക്കയിലെ ബാറ്റൻ റോജ്, സാൻ ജോസ്, ചെയ്നേ, ബുഫാലേ - നഗരങ്ങൾ തുടങ്ങിയ പ്രദേശങ്ങളിൽ വി. യൗസേപ്പിന്റെ മദ്ധ്യസ്ഥതാൽ പ്രത്യേകം അനുഗ്രഹം പ്രാപിച്ചിട്ടുണ്ട്. വിശുദ്ധനോട് പലതരത്തിലുള്ള ഭക്തിയും ആദരവുമാണ് വിവിധ രാജ്യക്കാർ കാണിക്കുന്നത്. ഇറ്റലിയിൽ വിശുദ്ധന്റെ തിരുനാൾ വലിയ ആഘോഷത്തോടെയാണ് ആചരിക്കുന്നത്. മധ്യകാലത്ത് സിസിലി വലിയൊരു വരൾച്ചയിൽ നിന്ന് വി. യൗസേപ്പിന്റെ മാദ്ധ്യസ്ഥം വഴി സംരക്ഷിക്കപ്പെട്ടു. അതിന്റെ നന്ദിയർപ്പണമായി സിസിലിയക്കാർ വിശുദ്ധന്റെ തിരുനാൾ ആചരിച്ചുതുടങ്ങി. തിരുനാൾ ദിനത്തിൽ ചുവന്ന വസ്ത്രങ്ങൾ ധരിക്കുന്ന സിസിലിയക്കാർ അന്നേദിവസം സസ്യാഹാരങ്ങളാണ് ഭക്ഷിക്കുന്നത്. അമേരിക്കയിലെ ന്യൂ ഓർലിയൻസിലെ ഭവനങ്ങളിൽ വിശുദ്ധനോടുള്ള ബഹുമാനാർത്ഥം വി. യൗസേപ്പിന്റെ നാമത്തിലുള്ള അൾത്താരകൾ സ്ഥാപിച്ചിട്ടുണ്ട്. ആ പ്രദേശത്തുള്ളവർ വിശുദ്ധന്റെ തിരുനാൾ ദിനത്തിൽ വലിയ പ്രദക്ഷിണം നടത്തുകയും വിശുദ്ധൻ വഴി ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളെക്കുറിച്ച് പ്രഘോഷിക്കുകയും ചെയ്യുന്നു. പോളണ്ട്, ഇറ്റലി രാജ്യങ്ങളിൽ നിന്ന് അമേരിക്കയിലേക്ക് കുടിയേറി പാർത്ത ജനതയ്ക്ക് അവിടെ വലിയ വെല്ലുവിളികൾ നേരിടേണ്ടി വന്നു. വിശുദ്ധനോടു മാദ്ധ്യസ്ഥം യാചിച്ച അവർക്ക് അവിടെ അംഗീകാരം ലഭിച്ചു. പാരമ്പര്യമായി അവർ വി. യൗസേപ്പിന്റെ നാമത്തിൽ സ്സെപ്പോളേ എന്ന കേക്ക് നിർമ്മിക്കു

ന്നു.

ലെയോ 13-ാമൻ പാപ്പയുടെ ചാക്രികലേഖനത്തിന്റെ ശതാബ്ദിയുമായി ബന്ധപ്പെട്ട് 1989 ആഗസ്റ്റ് 15 ന് വി. യൗസേപ്പിതാവിനെക്കുറിച്ച് 'റെദം ദോരിസ് കുസ്തോസ്' (രക്ഷകന്റെ പാലകൻ) എന്ന അപ്പസ്തോലിക പ്രബോധനം വി. ജോൺപോൾ രണ്ടാമൻ പാപ്പ പുറപ്പെടുവിച്ചു. ആമുഖം കൂടാതെ സുവിശേഷങ്ങളിലെ ചിത്രം, ദൈവിക രഹസ്യത്തിന്റെ സംരക്ഷകൻ, ഒരു നീതിമാൻ, ഒരു ഭർത്താവ്, തൊഴിൽ : സ്നേഹത്തിന്റെ ഒരു പ്രകടനം, ആന്തരീക ജീവിതത്തിന്റെ പ്രാധാന്യം, നമ്മുടെ കാലഘട്ടത്തിലെ സഭയുടെ സംരക്ഷകൻ - എന്നീ ആറ് ഭാഗങ്ങളാണ് ഈ അപ്പസ്തോലിക പ്രബോധനത്തിലുള്ളത്. ഈ അപ്പസ്തോലിക പ്രബോധനത്തിന്റെ ആമുഖത്തിൽ ഇപ്രകാരം എഴുതിയിട്ടുണ്ട് : 'ക്രൈസ്തവജനത കൂടുതൽ തീക്ഷ്ണതയോടെ വി.യൗസേപ്പിലേക്കു തിരിയുകയും പ്രത്യാശയോടെ അവിടുത്തെ സംരക്ഷണം തേടുകയും മാത്രമല്ല, രക്ഷാകര പദ്ധതിയിൽ പങ്കാളിയും ശുശ്രൂഷകനും ആകുന്നതിന് അദ്ദേഹം സ്വീകരിച്ച ലളിതവും പക്വവുമായ വഴികൾ അവരുടെ നേത്രങ്ങൾക്കു മുമ്പിൽ എപ്പോഴും പ്രകാശിക്കുകയും ചെയ്യും.'' ഈ അപ്പസ്തോലിക പ്രബോധനത്തിന്റെ അവസാനത്തിൽ വി. ജോൺപോൾ രണ്ടാമൻ പാപ്പ ഇപ്രകാരം രേഖപ്പെടുത്തി. ''രക്ഷാകര പദ്ധതിയിൽ വിശുദ്ധ യൗസേപ്പ് പ്രത്യേക ശുശ്രൂഷകനായിരുന്നു. ദൈവം 'തന്റെ പരമോന്നതവും ഏറ്റവും വിലപിടിപ്പുള്ളതുമായ നിധി'യുടെ സംരക്ഷണം ഏൽപ്പിച്ചു കൊടുത്തവന്റെ സംരക്ഷണത്തിനു നമ്മെത്തന്നെ സമർപ്പിക്കുകയും രക്ഷാകര പദ്ധതിയിൽ എങ്ങനെ ശുശ്രൂഷകരാകാമെന്ന് അവനിൽ നിന്നു തന്നെ നമുക്കു പഠിക്കുകയും ചെയ്യാം. ക്രിസ്തുവിന്റെ രക്ഷാകര ശുശ്രൂഷയിൽ വി. യൗസേപ്പ് നമുക്കെല്ലാം മികച്ച മാതൃകയായിരിക്കട്ടെ. ഈ ശുശ്രൂഷ സഭയിലെ ഓരോ അംഗത്തിന്റെയും ദൗത്യമാണ്. ഭർത്താക്കന്മാരുടെയും ഭാര്യമാരുടെയും മാതാപിതാക്കളുടെയും സ്വന്തം കൈകൊണ്ടു ജീവിക്കുന്നവരോ, മറ്റേതെങ്കിലും തരത്തിൽ ജോലി ചെയ്യുന്നവരോ, ആവൃതിയിലെ ജീവിതം തെരഞ്ഞെടുത്തവരോ, സജീവ ശുശ്രൂഷകളിൽ വ്യാപൃതരോ ആയ എല്ലാവരുടെയും ദൗത്യം.

''ഒരുവൻ പിതാവാകുന്നത് ജീവന്റെയും വളർച്ചയുടെയും ശുശ്രൂഷകനാകുമ്പോഴാണ്. ആരേയും ഒന്നിനെയും സ്വന്തമാക്കി വയ്ക്കാതെ വ്യക്തികളെയും സമൂഹത്തേയും സ്നേഹിക്കാൻ കഴിയുമെന്ന് യൗസേപ്പിതാവ് നമുക്കു കാണിച്ചുതരുന്നു'' എന്നാണ് ബെനഡിക്ട് 16-ാമൻ പാപ്പ പ്രസ്താവിച്ചത്. യൗസേപ്പിതാവിനോട് സവിശേഷമായ ഭക്തിയുള്ള ഫ്രാൻസിസ് പാപ്പ ദിവ്യബലിയുടെ സ്തോത്രയാഗ പ്രാർത്ഥനകളിൽ വിശുദ്ധന്റെ പേര് ഉൾപ്പെടുത്തിക്കൊണ്ട് തന്റെ ആഴമായ ആദരവും വണക്കവും പ്രകടിപ്പിച്ചു. ഉറങ്ങുന്ന യൗസേപ്പിതാവിന്റെ രൂപം തന്റെ മുറിയിൽ പ്രതിഷ്ഠിച്ച ഫ്രാൻസിസ് പാപ്പ ഇപ്രകാരമാണ് പറഞ്ഞത്, ''നിങ്ങളുടെ ജീവിത പ്രശ്നവും പ്രാർത്ഥനാ സഹായങ്ങളും ആവശ്യങ്ങളും ഉറങ്ങുന്ന യൗസേപ്പിതാവിന്റെ രൂപത്തിന്റെ അടിയിൽ വച്ച് പ്രാർത്ഥിച്ചാൽ അവിടുന്ന് ഉറക്കത്തിൽ നിങ്ങൾക്ക് ഉത്തരമരുളും.''

'പിതൃഹൃദയത്തോടെ എന്ന അപ്പസ്തോലിക ലേഖനത്തിലൂടെയാണ് ഫ്രാൻസിസ് പാപ്പ 2020 - 2021 വർഷങ്ങൾ വി.യൗസേപ്പിതാവിനു പ്രതിഷ്ഠിക്കപ്പെട്ട വർഷമായി പ്രഖ്യാപിച്ചത്. പരിശുദ്ധ മറിയത്തിന്റെ ജീവിത പങ്കാളിയെക്കുറിച്ച് ചില വ്യക്തിപരമായ പ്രതിഫലനങ്ങൾ പങ്കിടാൻ ഞാൻ ആഗ്രഹിക്കുന്നു എന്നാണ് ഫ്രാൻസിസ് പാപ്പ അപ്പസ്തോലിക്ക കത്തിനെക്കുറിച്ച് വിവരിച്ചത്. ഒരു സ്നേഹനിധിയായ പിതാവ്, അനുസരണയുള്ള ഒരു പിതാവ്, സ്വീകരിക്കുന്ന ഒരു പിതാവ്, സർഗ്ഗാത്മക ധൈര്യ

മുള്ള ഒരു പിതാവ്, തൊഴിൽ ചെയ്യുന്ന ഒരു പിതാവ്, നിഴലുകൾക്കിടയിലെ ഒരു പിതാവ് - എന്നീ ഏഴു ഭാഗങ്ങളാണ് ഈ അപ്പസ്തോലിക ലേഖനത്തിനുള്ളത്. വി. യൗസേപ്പിൽ ഒരു മദ്ധ്യസ്ഥനെയും ഒരു സഹായിയെയും കഷ്ടതകളുടെ സമയത്ത് നമ്മെ സഹായിക്കുന്ന ഒരു മാർഗ്ഗദർശിയെയും നമുക്ക് കാണുവാൻ കഴിയുമെന്ന് ഈ അപ്പസ്തോലിക ലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പ വിശ്വാസസമൂഹത്തെ ഉദ്ബോധിപ്പിച്ചു. തിരുസഭയിലെ വിശ്വാസികൾ വിശുദ്ധന്റെ മാതൃക സ്വീകരിച്ചുകൊണ്ട് ദൈവതിരുവിഷ്ടത്തിന്റെ പൂർത്തീകരണത്തിനായി അനുദിന വിശ്വാസജീവിതം ശക്തിപ്പെടുത്താൻ ശ്രമിക്കണമെന്ന് പാപ്പ വിശ്വാസ സമൂഹത്തോട് ആഹ്വാനം ചെയ്തു.

ആഗോള തിരുസഭയിൽ വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള ദേവാലയങ്ങളും കപ്പേളകളും തീർത്ഥാടന കേന്ദ്രങ്ങളും അനേകമാണ്. വിശുദ്ധന്റെ സംരക്ഷണയിൽ സമർപ്പിച്ചിരിക്കുന്ന സന്ന്യാസസമൂഹങ്ങളും സാഹോദര്യ സംഘടനകളും ഭക്തസംഘടനകളും വൈദികപരിശീലന കേന്ദ്രങ്ങളും സ്ഥാപനങ്ങളും പ്രസിദ്ധീകരണങ്ങളും നിരവധിയാണ്. വി. യൗസേപ്പിനോടു വിശ്വാസിസമൂഹത്തിനുള്ള ആഴമായ ഭക്തിയും സ്നേഹവുമാണ് ഇത് സൂചിപ്പിക്കുന്നത്. കേരളത്തിൽ പ്രേഷിതപ്രവർത്തനത്തിനായി എത്തിയ കർമ്മലീത്താ മിഷനറിമാരാണ് വി. യൗസേപ്പിതാവിനോടുള്ള ഭക്തി കേരളക്കരയിൽ സാർവ്വത്രികമാക്കാൻ ഏറെ പരിശ്രമിച്ചത്. കേരളത്തിലെ കർമ്മലീത്തരുടെ സിരാകേന്ദ്രമായിരുന്ന, പരിശുദ്ധ കർമ്മലമാതാവിന്റെയും വി. യൗസേപ്പിന്റെയും നാമത്തിലുള്ള ചരിത്രപ്രസിദ്ധമായ വരാപ്പുഴ പള്ളിയെ ഫ്രാൻസിസ് പാപ്പ യൗസേപ്പിതാവിന്റെ വർഷത്തിൽ തന്നെ ബസിലിക്കാ പദവിയിൽ ഉയർത്തി എന്നത് സ്മരണീയമാണ്. വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള ഭാരതത്തിലെ ആദ്യത്തെ ബസിലിക്ക പള്ളിയാണ് വരാപ്പുഴ. കർമ്മലീത്തരിൽ നിന്ന് പൈതൃകമായി ലഭിച്ച കേരളസഭയിലെ വി. യൗസേപ്പിതാവിനോടുള്ള ഭക്തിയും മാർച്ച് 19 ലെ മരണത്തിരുനാളും നേർച്ചസദ്യയും ഏറെ പ്രസിദ്ധമാണ്. ആഗോളതിരുസഭയെ കാത്തുസംരക്ഷിക്കുന്ന വി. യൗസേപ്പിതാവിനെ സത്യസഭയിലെ അംഗങ്ങളായ നാം ഓരോരുത്തരുടെയും സംരക്ഷകനായി സ്വീകരിക്കാം. ദിവ്യരക്ഷകനെ പലവിധ അപകടങ്ങളിൽ നിന്നും കാത്തുരക്ഷിച്ച വിശുദ്ധ യൗസേപ്പിതാവ് നമ്മെ എല്ലാവിധ അപകടങ്ങളിൽ നിന്നും സംരക്ഷിക്കും എന്നു വിശ്വസിച്ചുകൊണ്ട് യേശുവിന്റെ വളർത്തുപിതാവിന്റെ സ്വർഗ്ഗീയ മാദ്ധ്യസ്ഥം യാചിക്കാം.

## അഭിനന്ദനങ്ങൾ



പ്ലസ് ടു പരീക്ഷയിൽ തുരുത്തിപ്പുറം സ്വദേശി ഹെയ്റിൻ ആൻ സോണി സയൻസ് ഗ്രൂപ്പിൽ 1200 ൽ 1200 മാർക്കും കരസ്ഥമാക്കി. മാള സൊക്കോർസൊ സി.ജി.എച്ച്.എസ്.എസിലെ വിദ്യാർത്ഥിനിയാണ്. ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻസ് എച്ച് എസ് എസിലെ അധ്യാപകനായ കാച്ചപ്പിള്ളി സോണി റാഫേലിന്റെയും പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂൾ അധ്യാപിക ഏയ്ഞ്ചൽ മഞ്ജു മരിയയുടെയും മകളാണ്. കോട്ടപ്പുറം രൂപത തുരുത്തിപ്പുറം സെന്റ് ഫ്രാൻസിസ് അസീസി ഇടവകാംഗമാണ്.

ഫാ. ആന്റൺ ജോസഫ് ഇലഞ്ഞിക്കൽ

അയൽക്കൂട്ടം



# “കുടുംബങ്ങളുടെ സുവിശേഷം: ലോകത്തിന്റെ സന്തോഷം”

ഭീതിയുടെ ഒരു സാമൂഹിക അന്തരീക്ഷത്തെ പൊടുന്നനെ അഭിമുഖീകരിക്കുന്നതിന്റെ ഒരു ദുർഘട അവസ്ഥയിലൂടെയാണ് കഴിഞ്ഞ ഒന്നര വർഷകാലത്തിലേറെയായി ലോകം കടന്നുപോകുന്നത്. സമ്പർക്കരഹിതമായ ഒരു സാമൂഹ്യജീവിതത്തിന്റെ സാധ്യതകളെക്കുറിച്ചാണ് ചർച്ചകളിൽ ഏറിയപങ്കും. മനുഷ്യന്റെ സാമൂഹ്യജീവിതം പൊതുവിൽ സാന്നിദ്ധ്യങ്ങളിൽ സന്തോഷം കണ്ടെത്തുന്ന ഒന്നാണ്. അതുകൊണ്ടാണ് നമ്മുടെ സന്തോഷങ്ങളിലും ദുഃഖങ്ങളിലും നമ്മുടെ പ്രിയപ്പെട്ടവരുടെ, സുഹൃത്തുക്കളുടെ ഒക്കെ സാന്നിദ്ധ്യം നാം പ്രതീക്ഷിക്കുന്നത്. സവിശേഷമായ ഒന്നും ചെയ്തില്ലെങ്കിൽപോലും ഒരാളുടെ സാന്നിദ്ധ്യത്തിന് വൈകാരികവും സാമൂഹ്യവുമായ അർത്ഥത്തിന്റെ അടരുകൾ പങ്കുവയ്ക്കാനുണ്ട്. ഒരു മരണം സംഭവിച്ച വീട്ടിൽ ചെന്ന് മൗനമായി നിന്നാൽപോലും നിങ്ങളുടെ സാന്നിദ്ധ്യം അവിടെ ജീവിക്കുന്നവരുടെ മുന്നോട്ടുള്ള യാത്രയിൽ നൽകുന്ന ഊർജ്ജം ചെറുതല്ലല്ലോ. അതുകൊണ്ടുതന്നെ ഒത്തുചേരലുകളില്ലാത്ത ആൾക്കൂട്ടങ്ങൾ രോഗഭയത്താൽ നിറയ്ക്കുന്ന ഒരു സാമൂഹ്യ ചുറ്റുപാടിൽ സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബവും അവിടെയുള്ള ബന്ധങ്ങളും നേരിടുന്ന വെല്ലുവിളികളും അതിനുള്ള പരിഹാരങ്ങളും വിചിന്തനം ചെയ്യേണ്ടതാണ്. കോവിഡ്കാല കുടുംബങ്ങൾ നേരിടുന്ന ഇത്തരം ആകുലതകൾക്ക് ആത്മീയ പരിഹാരങ്ങൾ നിർദ്ദേശിക്കുവാനുള്ള സവിശേഷ ദൗത്യം തിരുസഭയുടെ ഇന്നത്തെ പ്രധാന ദൗത്യമാണ്.

“കുടുംബങ്ങളുടെ സുവിശേഷം : ലോകത്തിന്റെ സന്തോഷം” എന്നതായിരുന്നു 2018 ആഗസ്റ്റ് മാസത്തിൽ അയർലന്റിലെ ഡബ്ലിനിൽ വച്ചുനടന്ന ലോക കുടുംബസംഗമത്തിന്റെ ആപ്തവാക്യവുമായി ഫ്രാൻസിസ് പാപ്പ തിരഞ്ഞെടുത്തത്. വചനം മാംസമായതാണ് യേശുക്രിസ്തു. ക്രിസ്തുവിൽ ജീവിക്കുന്നവർ ഈ സുവിശേഷ സന്തോഷത്തിലേക്കു കൂടിയാണ് പ്രവേശിക്കുന്നത്. 2013 പുറപ്പെടുവിച്ച ‘സുവിശേഷത്തിന്റെ സന്തോഷം’

എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ക്രിസ്തുവിനെ കണ്ടെത്തുന്നവരുടെ ഹൃദയങ്ങളിൽ സുവിശേഷത്തിന്റെ സന്തോഷം നിറയുന്നുവെന്ന് ഫ്രാൻസിസ് പാപ്പ പഠിപ്പിച്ചത് ഈ പശ്ചാത്തലത്തിലാണ് (സുവിശേഷത്തിന്റെ സന്തോഷം No.1). സുവിശേഷ ജീവിതത്തിന്റെ വഴിയിൽ ഈ സന്തോഷം ആവിഷ്കരിക്കപ്പെടുന്നത് ദൈവസ്നേഹത്തിലും സഹോദര സ്നേഹത്തിലുമാണ്. അപ്പോൾ ഈ സ്നേഹം അനുഭവിക്കാനും പങ്കുവയ്ക്കുവാനും സാധിക്കുന്നയിടങ്ങളായി നമ്മുടെ കുടുംബാന്തരീക്ഷങ്ങൾ നിലനിൽക്കുന്നുണ്ടോ എന്നതാണ് പരിശോധിച്ചറിയേണ്ട വിഷയം.

യഥാർത്ഥത്തിൽ തിരുസഭാമക്കളായ നാം സഭയുടെ ഈ സ്നേഹശുശ്രൂഷാ ദൗത്യത്തിൽ പങ്കുചേരുന്ന അനുഭവം കൂടിയാണിത്. കാരണം ഈ ലോകത്തിൽ തിരുസഭാ അംഗങ്ങളായ നമ്മെ ഈശോ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം സുവിശേഷം സാക്ഷ്യപ്പെടുത്തുക എന്നതാണല്ലോ. അപ്പസ്തോല നടപടി പുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു, "എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (അപ്പ 1 : 8).

മഹാമാരി സൃഷ്ടിച്ച ഈ പ്രതിസന്ധിയുടെ കാലം ദൈവകരുണയിലേക്ക് കൂടുതൽ ഒട്ടിച്ചേർന്ന് നിൽക്കുവാനുള്ള ഒരു സമയമായി കുടുംബങ്ങളിൽ മാറ്റേണ്ടതുണ്ട്. ഭൗതികമായ സൗകര്യങ്ങളുടെയും ധനത്തിന്റെയും ലൗകികമായ സകലത്തിനും അപ്പുറം ദൈവകരുണയിലാണ് നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും മുന്നോട്ടു പോകുന്നതെന്ന് നമുക്ക് ബോധ്യമായ ഒരു സമയമാണിത്. അതുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ ഏകലക്ഷ്യം ഈശോയെ അനുഭവിക്കുകയും സാക്ഷ്യപ്പെടുത്തുകയുമാണെന്നും നമ്മുടെ പ്രത്യാശ ദൈവകരുണയിൽ മാത്രമാണെന്നുമുള്ള ആത്മീയ ബോധ്യം നമ്മുടെ കുടുംബങ്ങളിൽ പരിശീലിപ്പിക്കപ്പെട്ടാൽ ഈ പ്രതിസന്ധിയുടെ കാലത്തിൽ നമ്മുടെ കുടുംബജീവിതവും നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കും പരിഹാരം കാണാനാവും.

ഒരു വ്യക്തിയുടെ ജീവിതവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളും താല്ക്കാലികമായി വീട്ടിലേക്ക് പറിച്ചുനടപ്പെട്ട ഒരു സാഹചര്യമാണ് വലിയ തോതിൽ ഇന്ന് നിലനിൽക്കുന്നത്. മാതാപിതാക്കന്മാരും മക്കളും സഹോദരങ്ങളും ഒന്നിച്ചായിരിക്കുന്ന വീട്ടകങ്ങൾ സുവിശേഷമൂല്യങ്ങൾ പങ്കുവയ്ക്കുവാനുള്ള അവസരത്തിന്റെ ഇടങ്ങളായി മാറണം. മാതാപിതാക്കന്മാർക്ക് ഇതിൽ വലിയ ഒരു പങ്ക് വഹിക്കുവാനുണ്ട്. മുമ്പ് കുട്ടികൾ അവരുടെ പകലിന്റെ ക്രിയാത്മക സമയത്തിന്റെ വലിയ ഒരു ശതമാനം അദ്ധ്യാപകരുടെ ശിക്ഷണത്തിൽ വിദ്യാലയങ്ങളിൽ ആയിരുന്നു. ഈ മഹാമാരിയുടെ കാലത്ത് ക്ലാസ്സ് മുറികളും തൊഴിലിടങ്ങളും ഒക്കെ വീട്ടിലേക്ക് മാറുമ്പോൾ കുട്ടികളുടെ രൂപീകരണത്തിൽ അധിക ശ്രദ്ധ പുലർത്തുവാൻ നമുക്ക് സാധിക്കണം. ദൈവാലയ സംബന്ധിയായ ആത്മീയ ശുശ്രൂഷകളിൽ സാധാരണ രീതിയിൽ പങ്കെടുക്കുവാൻ ഇന്ന് താല്ക്കാലികമായെങ്കിലും നിലനിൽക്കുന്ന ഈ ബുദ്ധിമുട്ട് കുട്ടികളുടെ ആത്മീയ ബോധ്യങ്ങളിലെ വളർച്ചയെ ബാധിക്കാതിരിക്കാനുള്ള ജാഗ്രതയും ആത്മീയ വിശ്വാസപരിശീലനവും നൽകുകയെന്നത് മാതാപിതാക്കന്മാരുടെ സുവിശേഷ ദൗത്യമാണ്.

പ്രതിസന്ധിയുടെ നാളുകളിൽ കൂടുതൽ കരുത്തോടെ വളർന്നുവന്നതിന്റെ ചരിത്രമാണ് സഭയുടേത്. നസറത്തിലെ കുടുംബം ഭൗതീകസമിതിയുടെ ഒരു കുടുംബമായിരുന്നില്ല. ഭൗതികമായ ദാരിദ്ര്യത്തിന്റെ മറ്റ് സാമൂഹ്യജീവിതത്തിന്റെ പ്രതിസന്ധികളും ഉണ്ടായിരുന്നു. പക്ഷേ, അത് തിരുകുടുംബമായിരുന്നു. സുവിശേഷം ജീവിക്കുന്ന കുടുംബങ്ങളെല്ലാം തിരുക്കുടുംബം പോലെയാകും. പക്ഷേ, അതിനാദ്യം അവിടെ ഈശോയെ ചേർത്തുപിടിക്കുന്ന കുടുംബമാകണം. അതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം... ജീവിക്കാം...




# കേരള നവോത്ഥാരകൻ
## ആർച്ച് ബിഷപ്പ്
# അലക്സിസ് മെനേസിസ്

**ക്രി**സ്തുവർഷം എ.ഡി. ഒന്നാം നൂറ്റാണ്ടു മുതലുള്ള രണ്ട് സഹസ്രാബ്ദ കാലത്തെ മഹിതപൈതൃകമുള്ള കേരളസഭയുടെ ചരിത്രത്തിലെ ഏറെ പ്രാധാന്യമുള്ള ഒരു മഹാചരിത്ര സംഭവമാണ് 1599 ൽ അന്നത്തെ ഗോവ ആർച്ച് ബിഷപ്പ് അലക്സിസ് മെനേസിസ് വിളിച്ചുകൂട്ടിയ ഉദയംപേരൂർ സൂനഹദോസ്. കേരള കത്തോലിക്ക സഭയുടെ നവീകരണത്തിലും നവോത്ഥാനത്തിലും സൂനഹദോസിന്റെ പങ്ക് ഏറെ നിർണ്ണായകമായിരുന്നു. കേരളത്തിലെ കത്തോലിക്ക സഭയുടെ വിശ്വാസസംരക്ഷണത്തിലും പൊതുസമൂഹത്തിന്റെ സാമൂഹിക നവോത്ഥാനത്തിലും സൂനഹദോസ് നടത്തിപ്പിൽ വരുത്തിയ കാനോനുകളും നിയമങ്ങളും സുവർണ്ണ ദീപങ്ങളാണ്. ചരിത്രപ്രസിദ്ധമായ ഉദയംപേരൂർ സൂനഹദോസ് സംഘടിപ്പിച്ചതാണ് ഭാരതസഭയ്ക്ക് പാശ്ചാത്യ മിഷണറി ശ്രേഷ്ഠർ നൽകിയ ഏറ്റവും വലിയ സംഭാവന. ഉദയംപേരൂരിൽ സൂനഹദോസ് വിളിച്ചുചേർത്ത മെനേസിസ് മെത്രാപ്പോലിത്ത ‘കേരളസഭയുടെ നവോത്ഥാരകർ’ എന്നാണ് ചരിത്രങ്ങളിൽ വാഴ്ത്തപ്പെടുന്നത്.

കേരളസഭയെ നവോത്ഥാനത്തിലേക്ക് നയിച്ച ഡോ. അലക്സിസ് മെനേസിസ് പോർച്ചുഗലിലെ ലിസ്ബണിൽ 1559 ജനുവരി 25 ന് ഭൂജാതനായി. ലിസ്ബണിലെ ഏറെ പ്രശസ്തമായ കാന്റാൻഹീസ് കുടുംബത്തിലെ അലോയിസ് ദെമെനേസിസ് – ലൂയിസ ദെനൊറൊന ദമ്പതികളാണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ. സന്ന്യാസ വൈദികനാകാൻ 1574 ഫെബ്രുവരി 24 ന് ‘ദോവിനോസ്ത്രി ദെ ഗ്രാസിയ’ എന്ന അഗസ്തീനിയൻ സന്ന്യാസ ആശ്രമത്തിൽ ചേർന്ന അദ്ദേഹം അഗസ്തീനിയൻ സന്ന്യാസ വൈദികനായി. സ്വഭാവ വിശുദ്ധിയിലും പഠനത്തിലും അഗസ്തീനിയൻ സഭാക്രമങ്ങളുടെ അനുഷ്ഠാനത്തിലും ഉന്നതനായിരുന്നു ഡോ. മെനേസിസ്. ഉന്നതപഠനത്തിൽ കോയിമ്പ്ര യൂണിവേഴ്സിറ്റിയിൽ നിന്ന് സാഹിത്യത്തിലും മാനവിക വിഷയത്തിലും തത്ത്വശാസ്ത്രം, തർക്കശാസ്ത്രം, ദൈവശാസ്ത്രം എന്നിവയിലും ഉന്നതമാംവിധം ബിരുദങ്ങൾ സമ്പാദിച്ചു. ഏറെ പ്രശസ്തനായ ദൈവശാസ്ത്ര പണ്ഡിതൻ എന്നറിയപ്പെട്ട അദ്ദേഹത്തെ അന്നത്തെ സ്പെയിൻ രാജാവ് ഫിലിപ്പ് രണ്ടാമൻ കോയിമ്പ്ര അക്കാദമിയുടെ റെക്ടറായി നിയമിച്ചു. ഡോ. മെനേസിസിന്റെ ബഹുമുഖ കഴിവുകളും അഗാധ പാണ്ഡിത്യവും തിരിച്ചറിഞ്ഞ സഭാധികാരികൾ അദ്ദേഹത്തെ സാന്താ അഗസ്തീനൊ ദെ തൊറെസ് വേദ്രാസ് എന്ന ആശ്രമത്തിന്റെയും തുടർന്ന് ലിസ്ബണിലെ നൊസ്സ സഞ്ഞോറ ദെ ഗ്രാസിയ എന്ന ആശ്രമത്തിന്റെയും ഉത്തരവാദിത്വം ഏൽപ്പിച്ചു. പിന്നീട് അദ്ദേഹം അഗസ്തീനിയൻ സഭയുടെ പോർച്ചുഗീസ് പ്രൊവിൻസിന്റെ മൂന്നാം ഡെഫിനിറ്ററായി നിയമിതനായി സേവനമർപ്പിച്ചു. ആ കാലഘട്ടത്താണ് അന്നത്തെ ഗോവ ആർച്ച്

ബിഷപ്പ് ഡോ. മത്തേവൂസ് ദെ മരീന ദിവം ഗതനായതിനെ തുടർന്ന് അഗാധ പാണ്ഡിത്യവും ആഴമായ ഭക്തിയും ഉന്നതമായ ജീവിത വിശുദ്ധിയും ജീവിതലാളിത്യവും നിശ്ചയദാർഢ്യവും ഭരണനൈപുണ്യവും കർമ ധീരതയുമുണ്ടായിരുന്ന ഡോ. അലക്സിസ് മെനേസിസിനെ 1594 ൽ ഗോവ ആർച്ച് ബിഷപ്പായും കിഴക്കിന്റെ പ്രൈമേറ്റുമായി നിയമിച്ചു. പ്രേഷിത ശുശ്രൂഷയ്ക്കായി വൈദികരെ തിരഞ്ഞെടുക്കുവാനുള്ള അധികാരത്തിനൊപ്പം ഡോ. മെനേസിസിന്റെ സ്ഥാനാരോഹണത്തിനും ഭാരത യാത്രയ്ക്കും പ്രതിവർഷ വരുമാനവും മറ്റുമായി വലിയ ഒരു തുക കൊട്ടാരത്തിൽ നിന്ന് അനുവദിച്ചു. ലിസ്ബണിൽ വച്ച് 1595 മാർച്ച് 26 നാണ് അദ്ദേഹം ഗോവ ആർച്ച് ബിഷപ്പായി അഭിഷിക്തനായത്. ഭാരതത്തിലേക്ക് കപ്പലിൽ പുറപ്പെട്ട ഡോ. മെനേസിസ് ഏറെ അപകടം നിറഞ്ഞതും ദുരന്തപൂർണ്ണവുമായ കപ്പൽ യാത്രയ്ക്കിടയിൽ തന്റെ സമ്പത്തെല്ലാം പാവങ്ങൾക്കും പകർച്ചവ്യാധി പിടിപെട്ടവർക്കും മറ്റുമായി ചിലവഴിച്ചു. ദുർഘടമായ കപ്പൽ യാത്രയ്ക്ക് ശേഷം 1595 സെപ്തംബറിൽ അദ്ദേഹം ഗോവയിൽ എത്തിച്ചേർന്നു. പാവങ്ങളോട് ഏറെ അനുകമ്പയുണ്ടായിരുന്ന അദ്ദേഹം അവർക്കു വേണ്ടിയും വിശ്വാസി സമൂഹത്തിന്റെ വളർച്ചയ്ക്കു വേണ്ടിയും തന്റെ വാർഷിക വരുമാനമായ സമ്പത്തെല്ലാം ചിലവാക്കി. പാവങ്ങൾക്കായി ജീവിച്ച അദ്ദേഹം ദിവസവും 12 പേരെ ഒപ്പമിരുത്തി ഭക്ഷണം നൽകിയിരുന്നു.

തന്റെ ഭരണപരിധിയിൽപ്പെട്ട പ്രദേശങ്ങളിൽ നിന്ന് ദുരാചാരങ്ങളും ശീശ്മകളും ദുഷ്പ്രവണതകളും മറ്റും നീക്കി സത്യവിശ്വാസം സംരക്ഷിക്കുന്നതിനാണ് ഡോ. മെനേസിസ് വലിയ പ്രാധാന്യം നൽകിയത്. അങ്കമാലി രൂപതയുടെ മേലുള്ള അധികാരം 1597 ൽ കല്പനപ്രകാരം അദ്ദേഹത്തിന് ലഭിച്ചു. മലബാറിലെ സഭയുടെ മേൽ അധികാരമുണ്ടായിരുന്ന ഡോ. മെനേസിസ് കേരളസഭയെ ആ കാലത്തെ ശീശ്മകളിൽ നിന്ന് മോചിപ്പിച്ച് പരിപൂർണ്ണമായി മലബാറിലെ സഭയെ റോമിന്റെ അധീനതയിലാക്കാൻ 1599 ഫെബ്രുവരി 1 ന് കൊച്ചിയിൽ എത്തി. മലബാർ സഭയെ പോപ്പിന്റെ അനുസരണത്തിൻ കീഴിൽ കൊണ്ടുവരുക, കേരളസഭയെ വിശ്വാസത്തിനെതിരെ കടന്നുകൂടിയിട്ടുള്ള പാഷണ്ഡതയിൽ നിന്നു മോചിപ്പിക്കുക, വൈദികരുടെയും വിശ്വാസികളുടെയും ജീവിതം നവീകരിക്കുക എന്നീ ഉന്നതമായ മൂന്ന് ദൗത്യങ്ങളുമായിട്ടാണ് അദ്ദേഹം കേരളത്തിൽ എത്തിയത്. ഈ ലക്ഷ്യപ്രാപ്തിയ്ക്കായി അദ്ദേഹം കണ്ണൂർ മുതൽ കൊല്ലം വരെയുള്ള സിറിയൻ – ലത്തീൻ പള്ളികൾ സന്ദർശിച്ച് വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള പ്രബോധനങ്ങൾ നൽകിയും തെറ്റുകൾ തിരുത്തിയും ലത്തീൻക്രമത്തിൽ കൂദാശകൾ നൽകിയും വിശ്വാസിസമൂഹത്തെ സത്യവിശ്വാസത്തിൽ നയിച്ചു. മിക്ക ഇടവകകളിലും മെനേസിസിന് വലിയ സ്വീകരണങ്ങൾ ലഭിച്ചുവെങ്കിലും ചില മാർതോമ ക്രിസ്ത്യാനികളിൽ നിന്ന് അദ്ദേഹത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് ശക്തമായ എതിർപ്പുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നടപടികൾക്കെതിരെ വധഭീഷണി വരെ ഉണ്ടായിട്ടുപോലും ധീരനായ മെനേസിസ് പിതാവ് എതിർപ്പുകളെയെല്ലാം തരണംചെയ്തുകൊണ്ട് വിശ്വാസവഴിയേ മുന്നോട്ടുപോയി.

പാശ്ചാത്യമിഷണറിമാരുടെ മിഷൻപ്രവർത്തനങ്ങൾ അതിന്റെ പരിപൂർണ്ണ വിജയത്തിലെത്തിയത് ഡോ. മെനേസിസ് വിളിച്ചുകൂട്ടിയ ചരിത്രപ്രസിദ്ധമായ ഉദയംപേരൂർ സൂനഹദോസിലൂടെയായിരുന്നു. സാഹചര്യങ്ങൾ അനുകൂലമായപ്പോൾ അദ്ദേഹം കൊച്ചിയ്ക്ക് കിഴക്കുള്ള ഉദയംപേരൂർ ഗ്രാമത്തിൽ വച്ച് 1599 ജൂൺ 20 മുതൽ 26 വരെയാണ് സൂനഹദോസ് നടത്തിയത്. ലത്തീൻ – സിറിയൻ റീത്തിൽപ്പെട്ട 153 വൈദികരും 660 ഇടവക പ്രതിനിധികളും കൂടാതെ പോർച്ചുഗീസ് ഉദ്യോഗസ്ഥരും സിനഡിൽ പങ്കെടുത്തു. മലബാറിലെ സഭയെ നെസ്തോറിയൻ പാഷണ്ഡതയിൽ നിന്നും ഇവിടുത്തെ ആരാധനാക്രമത്തിൽ കടന്നുകൂടിയ ചില തെറ്റുകളിൽ നിന്നും സംരക്ഷിക്കുക എന്നതും, കേരളസഭയെ പോപ്പിന്റെ കീഴിലാക്കുക എന്നതുമായിരുന്നു സിനഡിന്റെ മുഖ്യലക്ഷ്യങ്ങൾ. സൂനഹദോസിന്റെ കാനോനകൾ വിശദമായി പരിശോധിച്ചാൽ അതിന് മുഖ്യ നേതൃത്വം നൽകിയ മെനേസിസിന്റെ അസാ

ധാരണമായ ബഹുമുഖപ്രതിഭയുടെയും അഗാധമായ ബുദ്ധികൂർമ്മതയുടെയും ഏക ദേശരൂപം നമുക്കു ലഭിക്കും. അന്നത്തെ സാമൂഹിക അധഃപതനത്തിനെതിരെ സിനഡ് എടുത്ത തീരുമാനങ്ങളും തുടർന്നുള്ള നടപടികളുമാണ് കേരളത്തിലെ ഫ്യൂഡൽ വ്യവസ്ഥിതിയ്ക്ക് എതിരെ ലഭിച്ച പ്രധാനമായ ആദ്യ ആഘാതം. അന്നത്തെ വിശ്വാസത്തിലും ആരാധനാക്രമത്തിലും കണ്ട തെറ്റുകൾ തിരുത്തിയത് കൂടാതെ ക്രൈസ്തവർക്ക് ഇടയിൽപോലും സർവ്വ സാധാരണമായിരുന്ന അന്ധവിശ്വാസങ്ങൾക്കും തീണ്ടൽ, തൊടിയൽ, അയിത്തം തുടങ്ങിയ അസമത്വങ്ങൾക്കെതിരെയും സിനഡ് ശക്തമായ നിലപാടുകൾ എടുത്തിരുന്നു. സിനഡിലൂടെ കേരളസഭയ്ക്ക് ലഭിച്ച നവോത്ഥാനത്തിൽ സന്തോഷിച്ച ക്ലെമന്റ് 8-ാമൻ പാപ്പ 1600 ൽ 'മുൾത്താം ഇൻ ദോമിനേ" എന്ന സന്ദേശം വഴി സിനഡിന്റെ നടപടികളെ ഏറെ പ്രശംസിച്ചു. 1601 മെയ് 19 ന് പരിശുദ്ധ പിതാവ് പുറപ്പെടുവിച്ച 'ദിവിനാംദെയി' എന്ന ബൂള വഴി ഉദയംപേരൂർ സൂനഹദോസിന്റെ നടപടികൾക്ക് ശ്ലൈഹികാശിർവ്വാദം ലഭിച്ചു. ക്ലെമന്റ് 8-ാമൻ പാപ്പ ഡോ. മെനേസിസിനെ അഭിനന്ദിച്ചുകൊണ്ട് ഇപ്രകാരം എഴുതി : "നിരവധി വൈദികരും അൽമേനികളും പങ്കെടുത്ത ഒരു സൂനഹദോസ് കൂടിയതായും അതിൽവച്ച് പരിശുദ്ധാത്മാവിന്റെ സഹായത്താൽ നെസ്തോറിയസിന്റെ അബദ്ധങ്ങളെ നിങ്ങൾ ഏകകണ്ഠമായി തള്ളിക്കളയുകയും ശപിക്കുകയും ചെയ്തതായും വിഷലിപ്തമായ പാഷണ്ഡതകൾ തിരുത്തുകയോ കത്തിച്ചുകളയുകയോ ചെയ്തതായും, അതിലുപരി റോമ മാർപാപ്പയെ മുഴുവൻ സഭയുടെ പൊതുപിതാവും തലവനുമായി അംഗീകരിക്കുകയും ചെയ്തതായി അറിഞ്ഞ് സന്തോഷിക്കുകയും ചെയ്യുന്നു".

പോർച്ചുഗലിലെ ബ്രാഗ ആർച്ച് ബിഷപ്പായ അഗസ്തീഞ്ഞു മെത്രാപ്പോലിലീത്ത ദിവംഗതനായതിനെതുടർന്ന് 1611 ൽ ഡോ. മെനേസിസ് ബ്രാഗ മെത്രാപ്പോലിത്തയായി നിയമിതനായി. ഭാരതത്തിൽ മഹനീയ പ്രവർത്തനങ്ങൾ അർപ്പിച്ച അദ്ദേഹത്തിന്റെ ഉന്നതമായ സേവനങ്ങളെ മാനിച്ച് 'പോർച്ചുഗലിലെ വൈസ്രോയി' എന്ന ഉന്നതപദവി ലഭിച്ചു. ബ്രാഗ മെത്രാപ്പോലിത്തയായി സേവനം ചെയ്തു വരവേ 1617 മെയ് 2 ന് കർമ്മധീരനായ മഹാമിഷണറി ആർച്ച് ബിഷപ്പ് ഡോ. അലക്സിസ് മെനേസിസ് ദിവംഗതനായിചരിത്രത്തിന്റെ ഭാഗമായി മാറി. ബ്രാഗയിലെ അഗസ്തീനിയൻ ആശ്രമത്തിലാണ് അദ്ദേഹത്തെ സംസ്കരിച്ചത്. മലബാറിലെ സഭാസമൂഹത്തെ സത്യവിശ്വാസപാതയിൽ വഴി നടത്തിയ ആഗോള തിരുസഭ കണ്ട ഏറ്റവും വലിയ സത്യസഭ വിശ്വാസകരിൽ ഒരാളായ ഡോ. അലക്സിസ് മെനേസിസിന്റെ ധന്യനാമം എക്കാലവും കേരളസഭാചരിത്രത്തിൽ അനുസ്മരിക്കപ്പെടുകതന്നെ ചെയ്യും.

**രതീഷ് ഭജനമഠം, ആലപ്പുഴ**

## ആൻ മരിയക്ക് പ്ലസ്ടുവിന് 1200 ൽ 1200 മാർക്ക്



സമ്പാളൂർ: പ്ലസ് ടു പരീക്ഷയിൽ തൃശൂർ ജില്ലയിലെ സമ്പാളൂർ പാളയംപറമ്പ് സ്വദേശി ആൻ മരിയ ക്രിസ്റ്റീൻ 1200ൽ 1200 മാർക്കും കരസ്ഥമാക്കി. മാണിക്യമംഗലം സെന്റ് ക്ലെയർ ഓറൽ എച്ച് എസ് എസിലെ വിദ്യാർത്ഥിനിയാണ് . കോട്ടപ്പുറം രൂപത സമ്പാളൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക കൂടാരപ്പിളി ക്രിസ്റ്റീൻ ജോണിന്റെയും ടെസ്സി ക്രിസ്റ്റീന്റെയും മകളാണ്. ആൻ മരിയയുടെ പിതാവും മാതാവും സഹോദരനും സംസാരിക്കാനും കേൾക്കാനും സാധിക്കാത്തവരാണ്. സഹോദരൻ ഇതേ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണ്. മാണിക്യമംഗലം ബധിര മൂക വിദ്യാലയം ഈ വർഷം നൂറ് ശതമാനം വിജയം കരസ്ഥമാക്കി. ആൻ മരിയ ഉൾപ്പെടെ നാലു പേരാണ്1200ൽ 1200മാർക്കും നേടിയത്. വികാരി ഫാ.ജോയ് കല്ലറക്കലും സഹവികാരി ഫാ. അജയ് കൈതത്തറയും വീട്ടിലെത്തി ആൻ മരിയയെ അഭിനന്ദിച്ചു.

കുടുംബപ്രേഷിത ശുശ്രൂഷ

കോട്ടപ്പുറം രൂപത



# കരുണയോടെ കണ്ണീരൊപ്പാം...

**സഹായധനമെത്തിച്ച സുമനസ്സുകൾക്ക് നന്ദി**

രൂപതയിലെ 52 ഇടവകകളിലായി കടൽ ക്ഷോഭത്തിനിരയായ 36 കുടുംബങ്ങൾക്കും കൊറോണ ബാധയാൽ അവശതയനുഭവിക്കുന്ന 96 കുടുംബങ്ങൾക്കുമായി ആകെ

**134 കുടുംബങ്ങൾക്ക് 2,58,000 രൂപ ധനസഹായം നൽകി ഒന്നാം ഘട്ടം പൂർത്തിയാക്കി.**

## കാരുണ്യവും കരുതലും വേണ്ട കുടുംബങ്ങളിലേക്ക്...

ഈ സത്കർമ്മത്തിൽ പങ്കുകാരാകാൻ സഹായമെത്തിക്കേണ്ട ബാങ്ക് വിവരം:

Account No: 0250073000050214 | Account Name: Family Apostolate

IFS Code: SIBL0000250 | Bank: South Indian Bank, Eriyad Branch

7034903733, 9562563717

ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി

ഡയറക്ടർ, കുടുംബശുശ്രൂഷ

# വാർത്താജാലകം



## ഭാരതമേ ലജ്ജിക്കൂ... തലതാഴ്ത്തൂ

മനുഷ്യാവകാശ പ്രവർത്തകനായ, ഭരണകൂട ഭീകരതയുടെ രക്തസാക്ഷി ജസ്യൂട്ട് പുരോഹിതൻ സ്റ്റാൻ ലൂർദ്ദ് സ്വാമി കൽതുറങ്കിൽ വച്ച് നിര്യാതനായതിൽ പ്രതിഷേധിച്ച് കോട്ടപ്പുറം രൂപതയിലെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ കത്തീഡ്രലിനു മുന്നിൽ പ്രതിജ്വാല തെളിയിച്ചു. കറുത്ത തുണികൊണ്ട് കരങ്ങൾ ബന്ധിച്ചുകൊണ്ടാണ് പ്രതിഷേധിച്ചത്. കോട്ടപ്പുറം രൂപത വികാർ ജനറൽ വെരി റവ. മോൺ. ഡോ. ആന്റണി കുരിശിങ്കൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ചാൻസലർ റവ. ഡോ. ബെന്നി വാഴക്കൂട്ടത്തിൽ മുഖ്യ സന്ദേശം നൽകി. ഫാ. ലിജോ താണിപ്പിള്ളി, കത്തീഡ്രൽ വികാരി ഫാ. അംബ്രോസ് പുത്തൻവീട്ടിൽ, ഫാ. വർഗ്ഗീസ് കാട്ടാശ്ശേരി, കെ.ആർ.എൽ.സി.സി. സെക്രട്ടറി പി.ജെ തോമസ്, കെ.എൽ.സി.എ കോട്ടപ്പുറം രൂപത പ്രസിഡന്റ് അലക്സ് താളൂപ്പാടത്ത്, കെ.എൽ.സി.എ സംസ്ഥാന വൈസ് പ്രസിഡന്റ് ഇ.ഡി. ഫ്രാൻസിസ്, ജോയ് കൈമാതുരുത്തി, പ്രഷീല ബാബു, കെ.സി.വൈ.എം. പ്രസിഡന്റ് പോൾ ജോസ്, സി.എൽ.സി. പ്രസിഡന്റ് ജോസി കോണത്ത്, ജോൺസൺ മങ്കുഴി, ജിതിൻ ഡോൺ ബോസ്കോ, സജു തോമസ്, അനീഷ് റാഫേൽ എന്നിവർ സംസാരിച്ചു.

---

## യുവജനദിനാഘോഷം




കെ.സി.വൈ.എം. കോട്ടപ്പുറം രൂപത യുവജനദിനാഘോഷം രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. രൂപത പ്രസിഡന്റ് പോൾ ജോസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ആന്റൺ ജോസഫ് ഇലഞ്ഞിക്കൽ ആമുഖ പ്രഭാഷണം നടത്തി. കോട്ടപ്പുറം രൂപത കെ.സി.വൈ.എം. ന്റെ മീഡിയ വിഭാഗമായ 'യുവത' മീഡിയയുടെ ഉദ്ഘാടനവും ലോഗോ പ്രകാശനവും യുവജന സർവ്വേ ഫോമിന്റെ ഉദ്ഘാടനവും അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. രൂപത ജനറൽ സെക്രട്ടറി സനൽ ബാബു, റേച്ചൽ ക്ലീറ്റസ്, ശരത് ശ്യാം, ഹയ സെലിൻ, ആമോസ് മനോജ് എന്നിവർക്കൊപ്പം രൂപത സമിതി അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി. കൂടാതെ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ യുവജനങ്ങൾ പരിപാടിയിൽ പങ്കുചേർന്നു.

# പെട്രോൾ, ഡീസൽ, പാചകവാതക വിലവർദ്ധനവിനെതിരെ കെ.എൽ.സി.എ. കോട്ടപ്പുറം രൂപത വണ്ടി ഉന്തി പ്രതിഷേധിച്ചു.




കോവിഡിന്റെ പശ്ചാത്തലത്തിൽ ജനം പട്ടിണിമൂലം വലയുന്ന ഈ കാലഘട്ടത്തിൽ ദിനംപ്രതി വർദ്ധിച്ചുവരുന്ന പെട്രോൾ, ഡീസൽ, പാചകവാതക വിലവർദ്ധന പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ വണ്ടി ഉന്തൽ സമരം കോട്ടപ്പുറം രൂപത ചാൻസലർ റവ. ഫാ. ബെന്നി വാഴക്കൂട്ടത്തിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. അലക്സ് താളൂപ്പാടത്ത് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ഇ.ഡി. ഫ്രാൻസിസ്, ജനറൽ സെക്രട്ടറി ശ്രീ. ജോൺസൺ മങ്കുഴി, സാമൂഹ്യ രാഷ്ട്രീയ ഫോറം കൺവീനർ ഷാജു പീറ്റർ, പി.എഫ് ലോറൻസ്, കെ.ടി. തോമസ്, ഫ്രാൻസിസ് പി.ജെ, സോജൻ, ഫ്രാൻസിസ് പള്ളിപ്പുറം, ആന്റണി രാജു എന്നിവർ പ്രസംഗിച്ചു.

---

# ഡോക്ടേഴ്സ് ദിനം ആചരിച്ചു



പറവൂർ ഡോൺ ബോസ്കോ ആശുപത്രിയിൽ ദേശീയ ഡോക്ടേഴ്സ് ദിനം ആചരിച്ചു. ഇതോടനടുബന്ധിച്ചു നടന്ന സമ്മേളനം മെഡിക്കൽ സൂപ്രണ്ട് ഡോ. പൗലോസ് മത്തായി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. റോക്കി റോബി കളത്തിൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ഷാബു കുന്നത്തൂർ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര, നഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ സ്നേഹ ലോറൻസ് എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ എല്ലാ ഡോക്ടർമാരെയും ആദരിച്ചു.

---

# ഉദ്ഘാടനം നടത്തി



"അണയാം വിശുദ്ധ കുർബാനയിൽ, ജീവിക്കാം തിരുകുടുംബമായ്" എന്ന ആപ്തവാക്യത്തോടെ മടപ്ലാതുരുത്ത് സെന്റ് ജോർജ്ജ് ദേവാലയത്തിലെ 2021 – 2022 അദ്ധ്യയനവർഷത്തെ ഇടവകതല ഉദ്ഘാടനം ജൂലൈ 4 ഞായറാഴ്ചയും തിരുബാലസഖ്യം, സി.എൽ.സി, കെ.സി.വൈ.എം. എന്നീ സംഘടനകളുടെ 2021 – 2022 അദ്ധ്യയനവർഷത്തിലെ ഔദ്യോഗിക ഉദ്ഘാടനം ജൂലൈ 11 ഞായറാഴ്ചയും വിശുദ്ധ കുർബാന മദ്ധ്യേ ഇടവക വികാരി ഫാ. സിജോ

വേലിക്കകത്തോട്ട് നിർവ്വഹിച്ചു. ചടങ്ങിൽ മതബോധന വിഭാഗം എച്ച്.എം റോസി സെബാസ്റ്റ്യൻ, എ.എച്ച്.എം ജോഷി എസ്.പി, സെക്രട്ടറി ആശ ഷിബു, ജോയിന്റ് സെക്രട്ടറി ജീന, ട്രഷറർ പോൾസൺ സി.പി, പി.ടി.എ പ്രതിനിധി ഓസ്റ്റിൻ പുളിക്കത്തറ എന്നിവർ സന്നിഹിതരായിരുന്നു.

## കോട്ടപ്പുറം കിഡ്സ് കർക്കിടമാസാചരണം നടത്തി




കോട്ടപ്പുറം രൂപതയുടെ സാമൂഹ്യസേവന വിഭാഗമായ കോട്ടപ്പുറം ഇന്റഗ്രേറ്റഡ് സൊസൈറ്റി (കിഡ്സ്) കർക്കിടകമാസാചരണത്തിന്റെ ഭാഗമായി ആയുർവ്വേദത്തിലൂടെ ആരോഗ്യം എന്ന സന്ദേശം ഉയർത്തിപ്പിടിച്ചു കൊണ്ട് കർക്കിടകമാസം മുഴുവൻ നീണ്ടു നിൽക്കുന്ന പച്ചമരുന്നുകളുടെയും പച്ചില കറികളുടെയും മരുന്നുകഞ്ഞിയുടെയും ബോധവത്കരണ പരിപാടിക്ക് തുടക്കം കുറിച്ചു. ഈ ഔദ്യോഗിക പരിപാടിയുടെ ഉദ്ഘാടന കർമ്മം ഡോ. ശിൽപ ഫ്രാൻസിസ് B.A.M.S നിർവ്വഹിച്ചു. കിഡ്സ് ഡയറക്ടർ റവ. ഫാ. പോൾ തോമസ് കളത്തിൽ അദ്ധ്യക്ഷനായിരുന്നു. കിഡ്സ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. നീൽ ചടയമുറി, കുമാരി കർമ്മലി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കിഡ്സ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. വർഗ്ഗീസ് കാട്ടാശ്ശേരി സ്വാഗതവും കോഡിനേറ്റർ ശ്രീമതി ഗ്രേസി ജോയ് നന്ദിയും പറഞ്ഞു. തുടർന്ന് മരുന്നു കഞ്ഞി വിതരണവും പ്രദർശനവും നടന്നു. എല്ലാ മലയാളികളുടെയും ജീവിതശൈലിയുടെ ഭാഗമായിരുന്നു കർക്കിടകമാസാചരണം. ഇതിന്റെ ഭാഗമായി എറണാകുളം,തൃശ്ശൂർ ജില്ലകളിൽ പല കേന്ദ്രങ്ങളിലായി കിഡ്സിന്റെ നേതൃത്വത്തിൽ ബോധവത്കരണ സെമിനാറും മരുന്നുകഞ്ഞി വിതരണവും നടത്തി.

## ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി അനുശോചിച്ചു.



ജാർഖണ്ഡിലെ ആദിവാസികളുടെ സമുദ്ധാരണത്തിനും നീതിക്കും വേണ്ടി പ്രവർത്തിച്ച ഫാ. സ്റ്റാൻസ്വാമിയുടെ നിര്യാണത്തിൽ കോട്ടപ്പുറം ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി അനുശോചിച്ചു. പാർശ്വവത്കരിക്കപ്പെട്ട ജനത്തിനുവേണ്ടി ജീവിതം മുഴുവൻ ഉഴിഞ്ഞുവച്ച വന്ദ്യവയോധികനായ ഈ വൈദികനെ രാജ്യദ്രോഹിയായി ചിത്രീകരിച്ചു ജയിലിലടച്ചതും സ്വാഭാവിക നീതി നിഷേധിക്കപ്പെട്ട് കസ്റ്റഡിയിൽ മരിക്കേണ്ടി വന്നതുമായ സാഹചര്യം ന്യായീകരിക്കാനാകാത്തതാണ്. അനീതിക്കെതിരെ ശബ്ദമുയർത്തുന്ന ഫാ. സ്റ്റാൻസ്വാമിയെപ്പോലുള്ള മനുഷ്യാവകാശ പ്രവർത്തകരെ ഒരു ഭരണകൂടത്തിനും നിശബ്ദരാക്കാൻ ആകില്ല. നിരപരാധിത്വം തെളിയിക്കപ്പെടും മുമ്പ് യാത്രയായ ഫാ. സ്റ്റാൻസ്വാമി പാർശ്വവത്കരിക്കപ്പെട്ട ജനത്തിന്റെ അവകാശങ്ങൾക്കുവേണ്ടി പടപൊരുതുന്നവർക്ക് എന്നും പ്രചോദനവും ശക്തിയുമായിരിക്കും. ഫാ. സ്റ്റാൻസ്വാമിയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നതായും അദ്ദേഹത്തിന്റെ മരണത്തിൽ ദുഃഖിക്കുന്നവർക്ക് അനുശോചനം അറിയിക്കുന്നതായും ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി അറിയിച്ചു.

# തിരുകുടുംബവർഷം ആചരിച്ചു



മുനമ്പം തിരുകുടുംബ ദേവാലയത്തിൽ തിരുകുടുംബ വർഷം കോട്ടപ്പുറം രൂപത വികാരി ജനറൽ മോൺ. ആന്റണി കുരിശിങ്കൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് ദിവ്യബലിയും ഇടവകതല വിശ്വാസപരിശീലനവർഷ ഉദ്ഘാടനവും നടത്തപ്പെട്ടു. ഇടവക വികാരി ഫാ. ബിജു പാലപ്പറമ്പിൽ, പനക്കൽ തങ്കച്ചൻ, ജോസഫ് പള്ളിപ്പറമ്പിൽ, ഹെൻട്രി ഒളാട്ടുപുറത്ത്, ക്ലീറ്റസ് പനക്കൽ എന്നിവർ നേതൃത്വം നൽകി.

# പുസ്തക തൊട്ടിൽ സ്ഥാപിച്ചു



വടക്കൻ പറവൂർ പ്രസിദ്ധ തിരുഹൃദയ തീർത്ഥാടനകേന്ദ്രമായ വിശുദ്ധ ഡോൺ ബോസ്കോ ദേവാലയത്തിൽ പുസ്തക തൊട്ടിൽ ഉദ്ഘാടനം ചെയ്തു. കുഞ്ഞു മക്കളെയും മുതിർന്നവരെയും വിജ്ഞാനത്തിന്റെ ലോകത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഡോൺ ബോസ്കോ ലൈബ്രറിയുടെ വിപുലീകരണത്തിന്റെ ഭാഗമായി തീർത്ഥാടകരിൽ നിന്നും പുസ്തകങ്ങൾ സംഭാവനയായി സ്വീകരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചതാണ് പുസ്തക തൊട്ടിൽ. പ്രശസ്ത കവി സെബാസ്റ്റ്യൻ കോട്ടപ്പുറം പുസ്തക തൊട്ടിൽ ഉദ്ഘാടനം ചെയ്തു റവ. ഫാ. ജോസഫ് ജോഷി മുട്ടിക്കൽ, റവ. ഫാ. സിബിൻ കല്ലറക്കൽ അസിസ്റ്റന്റ് എച്ച്. എം. റിയാ, അനീറ്റ, ഹെൽന, ജോൺ ശ്രീ, എബിൻ, ജൽസ ടീച്ചർ എന്നിവർ സന്നിഹിതരായിരുന്നു പ്രശസ്ത കവി സിപ്പി പള്ളിപ്പുറം ആശംസകൾ നേർന്നു.

# Career Orientation Programme

10, 11, 12 ക്ലാസ്സിലെ കുട്ടികൾക്കു വേണ്ടി കോട്ടപ്പുറം രൂപതാ മതബോധനകേന്ദ്രവും കെ.സി.വൈ.എം കോട്ടപ്പുറം രൂപതാസമിതിയും സംയുക്തമായി Career Orientation Programme സംഘടിപ്പിച്ചു. മാറിവരുന്ന ഈ പ്രത്യേക സാഹചര്യത്തിൽ ഏറ്റവും അനുയോജ്യമായ അക്കാദമിക് കോഴ്സുകൾ കണ്ടെത്തുവാനും കരിയർ മേഖലയിലെ പുതിയ മാറ്റങ്ങളെക്കുറിച്ച് വ്യക്തമായ ഉൾക്കാഴ്ച നേടുവാനും ആത്മവിശ്വാസത്തോടെ മുന്നേറുവാനും ഈ പ്രോഗ്രാം കുട്ടികൾക്ക് വളരെയധികം പ്രയോജനകരമായി. സെന്റ് ആൽബർട്ട്സ് കോളേജിലെ പ്രമുഖ അദ്ധ്യാപകർ ഈ പ്രോഗ്രാമിന് നേതൃത്വം നൽകി. Online Google Meet platform ലൂടെ നടത്തപ്പെട്ട ഈ പ്രോഗ്രാമിൽ 300 ഓളം കുട്ടികൾ പങ്കുചേർന്നു.

# ഓക്സിജൻ കോൺസെൻട്രേറ്റർ സജ്ജീകരണവും മെഡിക്കൽ കിറ്റ് വിതരണവുമായി കിഡ്സ്

കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് സൊസൈറ്റി (കിഡ്സ്) യുടെ നേതൃത്വത്തിൽ കോട്ടപ്പുറം രൂപതാ തലത്തിൽ അർഹരായ വ്യക്തികൾക്കു മെഡിക്കൽ സേവനം ലഭ്യമാകുന്നതിനായി ഓക്സിജൻ കോൺസെൻട്രേറ്റർ സജ്ജീകാരണവും മെഡിക്കൽ കിറ്റ് വിതരണവും നടത്തി. കോവിഡിന്റെ സാഹചര്യത്തിൽ ശ്വാസസംബന്ധമായ ബുദ്ധിമുട്ടുകൾ



അനുഭവിക്കുന്ന വ്യക്തികൾക്കു ഓക്സിജൻ കോൺസെൻട്രേറ്ററിന്റെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുക്കൂടിയാണ് ഈ പദ്ധതിക്ക് തുടക്കകുറിച്ചത്. ഭാരത കത്തോലിക്ക സഭയുടെ ഔദ്യോഗിക സേവന വിഭാഗമായ കാരിത്താസ് ഇന്ത്യ, കാത്തലിക് മിഷൻ, കേരള സോഷ്യൽ സർവീസ് ഫോറം, കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിൽ, സീറോ മലബാർ എപ്പിയാർക്കി ഓഫ് സെന്റ് തോമസ് അപോസ്റ്റിൽ മെൽബൺ എന്നിവരുടെ സഹായത്തോടെയാണ് കിഡ്സ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കോട്ടപ്പുറം ബിഷപ്പ് റൈറ്റ്. റവ. ഡോ. ജോസഫ് കരിക്കശ്ശേരി ഉദ്ഘാടനകർമ്മം നിർവഹിച്ചു. കോട്ടപ്പുറം രൂപതാ ചാൻസലർ ബെന്നി വഴക്കൂട്ടത്തിൽ, കിഡ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ തോമസ് കളത്തിൽ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. നീൽ ജോർജ്ജ് ചടയംമുറി, ഫാ. വർഗീസ് കാട്ടാശ്ശേരി മറ്റ് കിഡ്സ് സ്റ്റാഫ് അംഗങ്ങളും ചടങ്ങിൽ സന്നിഹിതരായിരുന്നു.

---

## കോട്ടപ്പുറം രൂപതയിൽ പ്രഥമ മുത്തശ്ശി മുത്തശ്ശന്മാരുടെ ദിനം ആചരിച്ചു.

പരിശുദ്ധ കന്യകാമറിയത്തിന്റെ മാതാപിതാക്കളും യേശുവിന്റെ മുത്തശ്ശി മുത്തശ്ശനുമായ വി. യൊവാക്കീം, വി.അന്നയുടെ തിരുനാളിനോടനുബന്ധിച്ച് കുടുംബവർഷത്തിൽ ഫ്രാൻസിസ്സ് പാപ്പ ആഹ്വാനം ചെയ്ത പ്രഥമ മുത്തശ്ശി മുത്തശ്ശന്മാരുടെ ദിനം ജൂലൈ 25 ഞായറാഴ്ച്ച രൂപതയിൽ ആചരിച്ചു. ദൈവാലയങ്ങളിൽ മുത്തശ്ശി മുത്തശ്ശന്മാർക്കായി ദിവ്യ ബലിയർപ്പിക്കുകയും അവർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടന്നു.

കുടുംബശുശ്രൂഷയുടെ നിർദ്ദേശാനുസരണം കുടുംബങ്ങളിലും മുത്തശ്ശി മുത്തശ്ശന്മാരുടെ ദിനം ആഘോഷിച്ചു. മുത്തശ്ശി മുത്തശ്ശന്മാരോടൊപ്പം കുടുംബാംഗങ്ങൾ ഒത്തൊരുമിക്കുകയും അവരോടൊപ്പമിരുന്ന് പ്രാർത്ഥിച്ചും, ഭക്ഷിച്ചും, മധുരം വിതരണം ചെയ്തും, കൊച്ച് മക്കൾ സമ്മാനങ്ങൾ കൈമാറി അനുഗ്രഹങ്ങൾ സ്വീകരിച്ചും സമുചിതമായി ദിനാചരണം നടത്തി.

ദിനാചരണത്തോടനുബന്ധിച്ച് കുടുംബങ്ങൾക്കായി കുടുംബശുശ്രൂഷയും ബി. സി.സി. യും സംയുക്തമായി ചിത്രങ്ങളയക്കൂ... സമ്മാനം നേടൂ... മത്സരം നടത്തി. കുടുംബങ്ങളിൽ മുത്തശ്ശി മുത്തശ്ശന്മാരുടെ ദിനം ആഘോഷിച്ചതിന്റെ ചിത്രങ്ങൾ അയച്ച് നൂറിലധികം കുടുംബങ്ങൾ മത്സരത്തിൽ പങ്കെടുത്തു. ഒന്നാം സമ്മാനം 1000 രൂപയും, രണ്ടാം സമ്മാനം 750 രൂപയും, മൂന്നാം സമ്മാനം 500 രൂപയും ആയിരുന്നു. ഒന്നാം സമ്മാനം കീഴുപ്പാടം ഇടവക പുളിക്കൽ ജോസ് & മേരിയും, രണ്ടാം സമ്മാനം കാര ഇടവക ഇലഞ്ഞിക്കൽ സെബാസ്റ്റ്യൻ & ഗ്രെയ്സിയും, മൂന്നാം സമ്മാനം സമ്പാളൂർ ഇടവക സ്റ്റീഫൻ വ്യാസ് & ഡെല്ല വ്യാസും നേടി. മത്സരത്തിൽ പങ്കെടുത്തവർക്കും വിജയിച്ചവർക്കും ഡയറക്ടർ ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി കുടുംബശുശ്രൂഷയുടെ നന്ദിയും ആശംസകളും നേർന്നു.







ഫാ. ജോസഫ് കുന്നത്തൂർ

പിൻമൊഴി




# പ്രണാമം

"ഭരണകൂടത്തിന്റെ നിഷ്ഠൂരമായ കൊലപാതകം." - ഏറ്റവും മിതമായ ഭാഷയിൽ ഫാ. സ്റ്റാൻ സ്വാമിയുടെ മരണത്തെ ഇങ്ങനെ വിശേഷിപ്പിക്കാം. ആയുധമെടുത്ത് അടരാടുകയോ, ആയുധമെടുക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയോ ചെയ്യാത്ത ക്രിസ്തുവിന്റെ സമാധാന പാതയിലൂടെ മാത്രം ചരിക്കുകയും നിയമവ്യവസ്ഥയെ ആദരിച്ചുകൊണ്ട് മനുഷ്യാവകാശങ്ങൾക്കു വേണ്ടി പോരാടുകയും ചെയ്ത 84 വയസ്സ് പ്രായം ചെന്ന വന്ദ്യവയോധികനായ ഒരു ഈശോസഭ വൈദികനെ മാവോയിസ്റ്റായി മുദ്രകുത്തി ജയിലിലടച്ച്, UAPA ചുമത്തി ജാമ്യം നിഷേധിച്ച്, ആഹാരവും മരുന്നും വെള്ളവും നൽകാതെ രോഗിയാക്കി ഇഞ്ചിഞ്ചായി കൊല്ലുകയായിരുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ ബാധ്യതയുള്ള ഗവൺമെന്റിന്റെ ആസൂത്രിതമായ കൊലപാതകം എന്ന് മാധ്യമങ്ങൾ വിശേഷിപ്പിക്കുമ്പോൾ, വിശേഷണങ്ങൾ പോരാതെവരുന്നു എന്ന ഭാഷാപരിമിതിയാണ് നമുക്ക് ബോധ്യമാകുന്നത്. കൈമുറിയൻ ഷർട്ടും ലൂസ് പാന്റും ധരിച്ച കൃശഗാത്രനായ ഒരു സാധുമനുഷ്യനെ ഒരു ഭരണകൂടം ഇത്രമേൽ ഭയപ്പെടാൻ കാരണം എന്തായിരിക്കും? ഒരു പാവം ജെസ്യൂട്ട് വൈദികനെ ഈ ലോകത്തുനിന്നുതന്നെ തുടച്ചുനീക്കണമെന്ന് ഒരു ഭരണകൂടം തീരുമാനിച്ചുവെങ്കിൽ അതിനുപിന്നിലെ ചേതോവികാരം എന്തായിരിക്കും? അവിടെയാണ് സ്റ്റാൻസ്വാമിയുടെ വലിപ്പം നാം ദർശിക്കുന്നത്. തമിഴ്നാട്ടുകാരനായ ഈ ജെസ്യൂട്ട്

വൈദികന്റെ കർമ്മഭൂമി ജാർഖണ്ഡ് ആയി രുന്നു. കഴിഞ്ഞ 40 വർഷക്കാലം ജാർഖണ്ഡിലെ ആദിവാസികളുടെയും ദളി തരുടെയും പാവപ്പെട്ടവരുടെയും മോചന ത്തിനുവേണ്ടിയുള്ള പോരാട്ടമായിരുന്നു ആ ജീവിതം. 2014 ൽ ജാർഖണ്ഡിൽ അധികാര ത്തിൽ വന്ന ബിജെപി ഗവൺമെന്റ് വ്യവ സായ വികസനത്തിനെന്നപേരിൽ ഖനിപ്ര ഭുക്കന്മാർക്കു വേണ്ടി ചില നിയമങ്ങൾ പാസ്സാക്കി. ഈ നിയമത്തിന്റെ മറവിൽ ഖനി മുതലാളിമാർ ആദിവാസികൾ അധിവസി ക്കുന്ന നിരവധി ഭൂപ്രദേശങ്ങൾ കൈവശപ്പെ ടുത്തുകയും നഷ്ടപരിഹാരം നാമമാത്ര മായി പരിമിതപ്പെടുത്തുകയും ചെയ്തു. ഇതിനെതിരെ പ്രതിഷേധിച്ച നിരവധി ആദി വാസി യുവാക്കളെ നിയമലംഘനം ആരോ പിച്ച് മാവോയിസ്റ്റുകളെന്ന് മുദ്രചാർത്തി ജയിലിലടച്ചു. ആദിവാസികളുടെയിടയിൽ മനുഷ്യാവകാശങ്ങൾക്കുവേണ്ടി പ്രവർത്തി ച്ചുകൊണ്ടിരുന്ന ഫാ. സ്റ്റാൻസ്വാമി ആദിവാ സികൾക്ക് നഷ്ടപ്പെട്ട ഭൂമിക്ക് അർഹമായ നഷ്ടപരിഹാരം നേടിയെടുക്കുവാനും ജയി ലിൽ അടക്കപ്പെട്ട ആദിവാസികളുടെ മോച നത്തിനുമായി രംഗത്തുവന്നു. പ്രശ്നത്തിന്റെ വ്യാപ്തി മനസ്സിലാക്കിയ അദ്ദേഹം ഉത്തരേ ന്ത്യയിലെ മനുഷ്യാവകാശങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു പൊതുവേദിയൊരുക്കി. അദ്ദേഹം ആദിവാ സികളുടെ നഷ്ടപ്പെട്ട ഭൂമിയുടെ കണക്കെ ടുപ്പ് നടത്തി. ജയിലിലടക്കപ്പെട്ട ആദിവാസി യുവാക്കളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചു. രണ്ടായിരത്തിലധികം ആദിവാ സികൾ ജയിലിലടക്കപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം മനസ്സിലാക്കി. തുടർന്ന് അദ്ദേഹം സംസ്ഥാന സർക്കാരിനെതിരെയും ഖനിപ്ര ഭുക്കന്മാർക്കെതിരെയും നിയമയുദ്ധം ആരം ഭിച്ചു. അങ്ങനെ അനേകവർഷങ്ങൾ നീണ്ടു നിന്ന, കോടതിമുഖേന നടത്തിയ നിയമയു ദ്ധത്തിൽ അദ്ദേഹം സർക്കാരിനെയും ഖനി പ്രമാണികളെയും പ്രയോജനപ്പെടുത്തി. ആദിവാസികൾക്ക് അർഹമായ നഷ്ടപരി ഹാരം കൊടുക്കുവാൻ കോടതി ഉത്തരവി ട്ടു. മാവോയിസ്റ്റ് ബന്ധം ആരോപിച്ച് ജയി ലിലടച്ച ആദിവാസികളുടെ നിരപരാധിത്വം തെളിയിച്ച് അവരുടെ മോചനത്തിന് വഴി യൊരുക്കി. അതോടെ ഭരണകൂടത്തിന്റെയും ഖനിപ്രഭുക്കന്മാരുടെയും കണ്ണിലെ കരടായി മാറി അദ്ദേഹം. അവർ അദ്ദേഹത്തെ മാവോ യിസ്റ്റ് ബന്ധം ആരോപിച്ച് ഭീമഗോരേവ് ഗൂഢാലോചന കേസിൽ ഉൾപ്പെടുത്തി രാജ്യ രക്ഷാനിയമം പ്രയോഗിച്ച് ജയിലിലടക്കു കയും ജലപാനം പോലും നിഷേധിച്ച് അവ സാനം മരണത്തിലേക്ക് തള്ളിവിടുകയും ചെയ്തു. ആദിവാസികളുടെയും അടിച്ച മർത്തപ്പെട്ടവരുടെയും മോചനത്തിനു വേണ്ടി ത്യാഗോജ്ജ്വലമായ പോരാട്ടം നട ത്തിയ ഫാ. സ്റ്റാൻസ്വാമി അന്യായമായി ജയി ലിലടക്കപ്പെട്ട് മനുഷ്യാവകാശങ്ങൾ നിഷേ ധിക്കപ്പെട്ട് നിസ്സഹായനായി മരണത്തിന് കീഴടങ്ങി. ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറിയ, വിശ്വാസത്തോളം വികാസം പ്രാപിച്ച ഒരു മനുഷ്യസ്നേഹിക്ക് പിൻമൊഴിയുടെ ആദരം.

